


# വിപണിയും
# ചില സ്വാതന്ത്ര്യ ആശയങ്ങളും

*ക്ലോഡ് ഫ്രഡറിക്ക്  ബാസ്റ്റിയാറ്റ്, മുറെ എൻ റോത്ബർഡ്, അർമെൻ എ ആൽകിയാൻ, സൗവിക്ക് ചക്രവർത്തി*

# വിപണിയും ചില സ്വതന്ത്ര ആശയങ്ങളും

**Vipaniyum Chila Swathanthra Ashayangalum**
Selected readings from 'Ideas for a free society' (CD)
(3rd edition 2014)

Published by Atlas Network and Network for a Free Society
Copyright © Network for a Free Society

Translated to Malayalam by Centre for Public Policy Research, India.
'Anitha', First Floor, Opp. Kochi Metro Pillar 818
S. A. Road, Elamkulam, Kochi, Kerala- 682 020
Tel: +91 484 4043895, Mob: +91-9745709174
cppr@cppr.in
www.cppr.in
Follow us:
www.facebook.com/cpprindia
www.twitter.com/CPPRIndia
www.linkedin.com/company/centre-for-public-policy-research
Download CPPR India Mobile App at Google Play Store

This books translation is made possible with the support grant from Atlas Network, Washington DC, USA

# ഉള്ളടക്കം

സ്വതന്ത്ര വിപണി
*- മുറെ എൻ റോത്ബർഡ്* …………………………………………………………………………………………5

രാഷ്ട്രീയ (രാഷ്ട്രീയ  ഇടപെടലുകളുള്ള ) വിപണികൾ പ്രാവർത്തികമാകാത്തത് എന്തുകൊണ്ട് !
*- സൗവിക്ക് ചക്രവർത്തി*……………………………………………………………………………………14

സ്വത്തവകാശം
*- അർമെൻ എ ആൽകിയാൻ* ……………………………………………………………………………….20

മെഴുകുതിരി നിർമ്മാതാക്കളുടെ ഹർജി
*- സൗവിക്ക് ചക്രവർത്തി*……………………………………………………………………...…29

കണ്ടതും കാണാത്തതും
*- ക്ളോഡ് ഫ്രഡറിക്ക് ബാസ്റ്റിയാറ്റ്*……………………………………………………………………………36

തകർന്ന ജാലകങ്ങൾ
*- സൗവിക്ക് ചക്രവർത്തി* …………………………………………………………………………..…38

# സ്വതന്ത്ര വിപണി *

'സ്വതന്ത്ര വിപണി' എന്നത് നമ്മുടെ സമൂഹത്തിൽ നടക്കുന്ന ഒരുകൂട്ടം വിനിമയങ്ങളെയും ഇടപാടുകളെയും സൂചിപ്പിക്കുന്ന സംക്ഷിപ്ത പദമാണ്. സ്വമേധയായുള്ള സമ്മതാനുസരണമാണ് രണ്ടു വ്യക്തികളോ അല്ലെങ്കിൽ വിനിമയത്തിനായി പ്രത്യേകം പ്രതിനിധികളുള്ള രണ്ടു സംഘങ്ങളോ സ്ഥാപനങ്ങളോ തമ്മിൽ നടക്കുന്ന ഓരോ വിനിമയവും തുടങ്ങുന്നത്. മേൽപറഞ്ഞ രണ്ടു വ്യക്തികൾ (അല്ലെങ്കിൽ സ്ഥാപനങ്ങളുടെയും മറ്റും പ്രതിനിധികൾ) പരസ്പരം പ്രത്യക്ഷത്തിലുള്ള ഉത്പന്നങ്ങളോ അല്ലെങ്കിൽ അസ്പഷ്ടമായ സേവനങ്ങളോ ആയി തരംതിരിക്കാവുന്ന രണ്ട് സാമ്പത്തിക വസ്തുക്കളുടെ ഇടപാടുകൾ നടത്തുന്നു. ഉദാഹരണത്തിന്, ഞാൻ ഒരു പത്രക്കച്ചവടക്കാരന്റെ കൈയ്യിൽ നിന്നും അഞ്ചു രൂപ നൽകി ഒരു പത്രം വാങ്ങിക്കുമ്പോൾ യഥാർത്ഥത്തിൽ ഞാനും പത്രക്കച്ചവടക്കാരനും തമ്മിൽ രണ്ടു വസ്തുക്കളുടെ കൈമാറ്റമാണ് നടക്കുന്നത്: അയാൾ എനിക്ക് പത്രം എന്ന വസ്തു നൽകിയപ്പോൾ, അതിന്റെ വിലയായി ഞാൻ അയാൾക്ക് അഞ്ചു രൂപ നൽകി.

ഇനിയൊരു പക്ഷെ ഞാൻ ഒരു സ്ഥാപനത്തിനു വേണ്ടി ജോലി ചെയ്യുകയാണെന്നിരിക്കട്ടെ. അപ്പോൾ സ്ഥാപനവുമായി പരസ്പര ധാരണയിൽ മുൻകൂട്ടി ഉണ്ടാക്കിയിട്ടുള്ള തൊഴിൽ കരാറനുസരിച്ച് അതുപ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനം സ്വീകരിച്ച് ഞാൻ എന്റെ തൊഴിൽ വിനിമയത്തിനു വെക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ തൊഴിലാളികളെ നിയമിക്കുവാൻ സ്ഥാപനം അധികാരം നൽകിയിട്ടുള്ള ഒരു മാനേജറോ (നിർവ്വഹണാധികാരികൾ) അല്ലെങ്കിൽ മറ്റു ഉത്തരവാദിത്തപ്പെട്ടവരോ ആണ് സ്ഥാപനത്തെ പ്രതിനിധീകരിക്കുന്നത്. ഏറിയ പങ്കും നേട്ടങ്ങൾക്ക് സാധ്യത ഉള്ളതിനാൽ ഇരുകൂട്ടരും ഇത്തരം ഇടപാടുകളിൽ പ്രത്യേക താല്പര്യം കാണിക്കാറുണ്ട്. സമീപകാല അനുഭവങ്ങളിൽ നിന്നും നേട്ടങ്ങളെക്കുറിച്ചുള്ള തങ്ങളുടെ കണക്കുകൂട്ടലുകൾ ശരിയായി ഭവിക്കുന്നപക്ഷം ഇരു കക്ഷികളും ഇടപാടുകൾ തുടരാറുണ്ട്.

---

* *മുറെ എൻ. റോത്ബർഡ് (1926–1995) ലാസ് വീഗസിലെ നെവാഡ സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിലെ സമുന്നതനായ എസ്.ജെ. ഹാൾ പ്രൊഫസറായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ ഓസ്ട്രിയയിലെ ഒരു മുൻനിര സാമ്പത്തിക വിദഗ്ദ്ധൻ കൂടിയായിരുന്നു അദ്ദേഹം.*

അല്ലാത്തപക്ഷം ഇടപാടിനായുള്ള വാഗ്ദാനങ്ങൾ കക്ഷികളാൽ തിരസ്കരിക്കപ്പെടുന്നു. വ്യക്തികൾ തമ്മിൽ വ്യാപാരം അഥവാ വിനിമയത്തിൽ മുഴുകുവാനുള്ള കാരണം തികച്ചും അതുവഴി അവർക്കുണ്ടാവുന്ന പരസ്പരനേട്ടങ്ങൾ തന്നെയാണ്. ലാഭമോ അല്ലെങ്കിൽ ലാഭപ്രതീക്ഷയോ ഇല്ലാത്തപക്ഷം ആരും തന്നെ വ്യാപാരത്തിന് തയ്യാറാവില്ല. ഈ ലളിതമായ അനുമാനം തന്നെ സ്വതന്ത്ര വ്യാപാരത്തിനെതിരെയുള്ള വാദങ്ങളെ ഖണ്ഡിക്കുവാൻ പ്രാപ്തമാണ്.

ഈ അനുമാനങ്ങൾ സവിശേഷമായും പതിനാറ് മുതൽ പതിനെട്ടാം നൂറ്റാണ്ട് കാലത്തെ യൂറോപ്പിൽ നിലനിന്നിരുന്ന പണമാണ് ഏകധനം എന്ന പഴയ സിദ്ധാന്തത്തോട് ബന്ധപ്പെട്ടു കിടക്കുന്നതാണ്. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്തനായ ഫ്രഞ്ച് പ്രബന്ധകാരൻ മൊൺടൈൻ ഇതിനെ ശ്രേഷ്ഠമായി വ്യാഖ്യാനിച്ചിട്ടുമുണ്ട്.

ഏതൊരു കച്ചവടത്തിലും ഒരു കക്ഷിക്ക് ഏതു വിധേനെയും രണ്ടാമത്തെ കക്ഷിയുടെ ചിലവിൽ മാത്രമേ ലാഭമുണ്ടാക്കുവാൻ സാധിക്കുകയുള്ളു എന്നാണ് മെർക്കന്റലിസ്റ്റുകൾ (പണമാണ് ഏകധനം എന്ന പഴയ യൂറോപ്പിയൻ സിദ്ധാന്തത്തിൽ വിശ്വസിച്ചവർ) വാദിച്ചിരുന്നത്.

എല്ലാ ഇടപാടുകളിലും ഒരു നേട്ടക്കാരനും ഒരു കോട്ടക്കാരനും ഉണ്ടാവും. എല്ലാ ഇടപാടുകളിലും ഒരു ചൂഷകനും ഒരു ചൂഷിതനുമുണ്ടാകുമെന്ന് അവർ വിശ്വസിച്ചു. ഇന്നും ഒരു വലിയപക്ഷം ജനങ്ങൾക്കുള്ള ഈ കാഴ്ചപ്പാടിലെ തെറ്റിദ്ധാരണ ചൂണ്ടിക്കാണിക്കുവാൻ വളരെ എളുപ്പമാണ്: ഇടപാടോ വ്യാപാരമോ നടത്തുവാൻ ഇരുകൂട്ടരും കാണിക്കുന്ന ഉത്സാഹവും താത്പര്യവും അവർക്ക് ലഭിക്കുവാൻ ഇടയുള്ള ലാഭത്തെ മുൻനിർത്തി തന്നെയാണെന്ന് വ്യക്തമാണ്. അതിനാൽ ഒരു കക്ഷിക്ക് എന്നും നഷ്ടം മാത്രം ഉണ്ടാവുന്നു എന്ന കാഴ്ചപ്പാട് തെറ്റാണെന്നു മനസ്സിലാകുന്നു.

പുതിയ കാലത്തെ കച്ചവട തന്ത്രങ്ങളുടെ പദാവലിയിൽ വ്യാപാരം എന്നതിനെ പരസ്പരനേട്ടമുള്ള സ്ഥിതിയായാണ് പരാമർശിക്കുന്നത്. കച്ചവടം എന്നതിനെ സമനിലകളെക്കാളും തോൽവികളെക്കാളുമുപരി, ഫലവത്തായ വിജയ സാധ്യതയുള്ള തന്ത്രവൈദഗ്ദ്ധ്യമായി ചിത്രീകരിക്കപ്പെടുന്നുണ്ട് പുതിയ കാലത്ത്. പക്ഷെ ഒരേ ഇടപാടിൽ നിന്നും ഇരുകക്ഷികളും നേട്ടമുണ്ടാക്കുന്നതെങ്ങനെ?

ഇരുവരും വ്യത്യസ്ത രീതികളിലാണ് വസ്തുക്കളെയും സേവനങ്ങളെയും സമീപിക്കുന്നതും അവയ്ക്ക് വിലകല്പിക്കുന്നതും. ഈ വ്യത്യസ്തതകൾ കാരണമാണ് ഇടപാടുകൾക്ക് കളമൊരുങ്ങുന്നത്. ഉദാഹരണത്തിന്, ഞാൻ കീശയിൽ അത്യാവശ്യം

പണവുമായി സഞ്ചരിക്കുന്നുവെന്ന് കരുതുക. എനിക്ക് വാർത്ത വായിക്കാൻ തോന്നി. എന്നാൽ എന്റെ കൈയ്യിൽ ആ ദിവസത്തെ പത്രം ഇല്ല. അതേസമയം പത്രവ്യാപാരിയുടെ പക്കൽ കെട്ടുകണക്കിന് പത്രമുണ്ട്. അവയെ വിറ്റു കാശുണ്ടാക്കുവാൻ കാത്തിരിക്കുകയാണ് അയാൾ. അങ്ങനെയുള്ള സാഹചര്യത്തിൽ പരസ്പരം കണ്ടുമുട്ടുമ്പോൾ ഞാനും പത്രവ്യാപാരിയും തമ്മിൽ സ്വാഭാവിക മായ ഇടപാടിലെത്തുന്നു.

ഇടപാടുകളിൽ ഉണ്ടായേക്കാവുന്ന ധാരണകളുടെയും കരാറുകളുടെയുമെല്ലാം നിബന്ധനകളും മറ്റും തീരുമാനിക്കുന്നത് പ്രധാനമായും രണ്ടു ഘടകങ്ങളാണ്: ഓരോ ഇടപാടുകാരനും ഇടപാടിനുള്ള വസ്തുക്കൾക്ക് എന്ത് മൂല്യം കൽപ്പിക്കുന്നു എന്നതൊന്ന്. രണ്ടാമത്തേത് ഇടപാടുകാരുടെ വിലപേശാനുള്ള മിടുക്ക്.

നേരത്തെ പറഞ്ഞ ഉദാഹരണത്തിൽ പത്രം വാങ്ങിക്കുവാനായി ഞാൻ എത്ര പണം വരെ മുടക്കാൻ തയ്യാറായിരിക്കും? കുറച്ചുകൂടി രസകരമാക്കിയാൽ, രാഹുൽ ദ്രാവിഡിന്റെ പടമുള്ള എത്ര കാർഡുകൾക്ക് പകരമാണ് ഒരു ക്രിക്കറ്റ് ആരാധകൻ അവന്റെ പക്കലുള്ള ഒരു സച്ചിന്റെ കാർഡ് നൽകാൻ തയ്യാറാവുക? ഈ ഇടപാടുകളെല്ലാം തന്നെ അതത് വിപണിയിലുള്ള ഇടപാടുകാരെ ആശ്രയിച്ചിരിക്കും. ഒരുപക്ഷെ ക്രിക്കറ്റ് കാർഡുകൾക്ക് അതേ മൂല്യത്തിന് സ്വന്തമാക്കാൻ പറ്റുന്ന മറ്റു വസ്തുക്കളേക്കാൾ പ്രാധാന്യം നൽകുന്നത് വ്യക്ത്യാധിഷ്ഠിതമാണ്. ക്രിക്കറ്റ് ആരാധകനല്ലാത്ത ഒരാൾ ഇത് ചെയ്യില്ല. ഇടപാടിനുള്ള ഇത്തരം വ്യവസ്ഥകളെ മൂല്യം അഥവാ ക്രയമൂല്യം (പത്രം, ക്രിക്കറ്റ് കാർഡ് തുടങ്ങിയവ പണത്തിന്റെ അടിസ്ഥാനത്തിൽ) എന്ന് വിളിക്കുന്നു. വിപണിയിൽ എത്ര പത്രങ്ങൾ അല്ലെങ്കിൽ കാർഡുകൾ കച്ചവടത്തിനുണ്ട് എന്നതിനെയും അവ വാങ്ങുവാൻ സാധ്യതയുള്ള എത്ര ഉപഭോക്താക്കൾ ഉണ്ടെന്നതിനെയും ആശ്രയിച്ചാണ് ക്രയമൂല്യം നിശ്ചയിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, സംഭരണവും ആവശ്യവും തമ്മിലുള്ള പരസ്പരവ്യവഹാരം തന്നെയാണ് ചരക്കുകളുടെ വില നിയന്ത്രിക്കുന്ന ഘടകം.

ഒരു ചരക്കിന്റെ വിതരണം കണക്കിലെടുക്കുക. ഒരുവേള ഈ വസ്തുവിന്റെ ഉപഭോക്താക്കളുടെ മനസ്സിൽ അതിനെ സംബന്ധിച്ചുള്ള മൂല്യം അഥവാ ഗുണം വർധിക്കുന്നുണ്ടെങ്കിൽ അതിന് ആനുപാതികമായി വസ്തുവിന്റെ ആവശ്യത്തിനും തന്മൂലം വസ്തുവിന്റെ ക്രയമൂല്യത്തിനും വർദ്ധനവുണ്ടാകും. മേല്പറഞ്ഞ തിന് വിപരീതമായും സംഭവിക്കുന്നതാണ്. വസ്തുവിന്റെ ഗുണവും മൂല്യവും ഉപഭോക്താക്കൾക്കിടയിൽ ക്ഷയിക്കുന്നത് വഴി വസ്തുവിന്റെ ആവശ്യകതയും തന്മൂലം ക്രയമൂല്യവും കുറയാറുണ്ട്. ചരക്കു വിതരണത്തിൽ ഇടിവ് സംഭവിച്ചാൽ നേരെമറിച്ചും സംഭവിക്കും.

അതിനാൽ വിപണി എന്നത് ഒരുകൂട്ടം വിനിമയങ്ങളുടെയും ഇടപാടുകളുടെയും സംക്ഷിപ്ത പദം മാത്രമല്ല, മറിച്ച് അന്യോന്യം ഇടപഴകുന്ന ഇടപാടുകളുടെ അത്യന്തം സങ്കീർണമായൊരു ജാലകവാതിലാണ്.

പ്രാകൃത സമൂഹങ്ങളിൽ നിലനിന്നിരുന്നത് ചരക്കു കൈമാറ്റ ക്കച്ചവടവും നേരിട്ടുള്ള ഇടപാടുകളും മാത്രമായിരുന്നു. ഇരുകൂട്ടരും പരസ്പരം കുതിരകളും കന്നുകാലികളും പാത്രങ്ങളും പോലെ ഉപയോഗമുള്ള വസ്തുക്കൾ കച്ചവടരൂപേണ കൈമാറ്റം ചെയ്തു. എന്നാൽ സാമൂഹിക വികാസത്തിന് അനുസരിച്ചു പരസ്പര നേട്ടങ്ങളുടെ പടിപടിയായുള്ള വളർച്ചയുടെ ഫലമായി സാമാന്യമായി ഉപയോഗിക്കാൻ സാധിക്കുന്ന മൂല്യമുള്ള ഏതാനും വസ്തുക്കളിലേക്ക് നമ്മുടെ വിപണികളിലെ നേരിട്ടല്ലാത്ത ഇടപാടുകൾ മാറ്റപ്പെട്ടു. ഈ വസ്തുക്കൾ എപ്പോഴും സ്വർണ്ണമോ വെള്ളിയോ തന്നെ ആകണമെന്നില്ല. ഇത്തരം വ്യാപാര മൂല്യം കല്പിച്ചു നൽകപ്പെട്ട വസ്തുക്കൾക്ക് അവയുടേതായതും അല്ലാത്ത തുമായ ആവശ്യക്കാർ ഉണ്ടാവും. നേരിട്ടല്ലാത്ത ഉപയോഗത്തിനായി ഇടപാടുകാർ ഇത്തരം വസ്തുക്കൾ വാങ്ങുകയും പിന്നീട് ഇവയെ മറ്റൊരു അവശ്യ വസ്തുവിനായി വീണ്ടും ഇടപാട് നടത്തുകയും ചെയ്യുന്നു.

ഒരു കരിങ്കൽ ക്വാറിയിലെ തൊഴിലാളികൾക്ക് വേതനം നൽകുവാൻ കരിങ്കൽ കഷ്ണങ്ങളേക്കാൾ ഉചിതം പണം തന്നെ യാണ്. ഈ പണം മുടക്കി തൊഴിലാളികൾക്ക് ആവശ്യമുള്ള വസ്തുക്കൾ വാങ്ങാവുന്നതാണ്. മുൻപരിചയവും ദീർഘ ദൃഷ്ടിയും ഉപയോഗപ്പെടുത്തി ചിന്തിക്കുന്നവർക്ക് പണത്തിന്റെ മൂല്യവും, അതിന് സമൂഹത്തിലും വിപണിയിലും ലഭിക്കുന്ന സ്വീകാര്യതയും അറിയുന്നതിനാൽ വേതനം പണത്തിന്റെ രൂപത്തിൽ കൈപ്പറ്റാൻ അവർ തല്പരരാവുന്നു.

പണത്തിന്റെ ഉപയോഗത്താലാണ് ആധുനിക കാലത്തെ ഇടപാടുകളുടെ അനന്തമായ ശൃംഖലകളെയും മറ്റും വിപണിയിൽ സാധ്യമാക്കുന്നത്. ഓരോ വ്യക്തിയും അവനവന്റെ കഴിവിനും വൈദഗ്ദ്ധ്യത്തിനും ചേർന്ന തൊഴിൽ മേഖലയിൽ വ്യാപൃതരാവു കയും തങ്ങളുടെ കഴിവിന്റെ പരമാവധി ഉത്പാദനം വർദ്ധിപ്പിക്കു വാൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ചാണ് ഉത്പാദനം ആരംഭിക്കുന്നത്. അതിൽ നിന്ന് പിന്നീട് വിവിധ തരത്തി ലുള്ള യന്ത്രങ്ങളും ഉപകരണങ്ങളും മൂലധനങ്ങളും മൂല്യവസ്തു ക്കളും എല്ലാം ചേർന്ന് ഒടുക്കം ഉത്പാദിപ്പിക്കപ്പെട്ട ചരക്ക് വിപണി കൾ വഴി ഉപഭോക്താവിലെത്തുന്നു.

പ്രകൃതിവിഭവങ്ങളിൽ തുടങ്ങി വിപണിയിൽ എത്തിക്കുന്നത് വരെ ഉത്പാദനത്തിന്റെ ഓരോ ഘട്ടത്തിലും സ്വമേധയാ മൂലധന വസ്തുക്കൾക്കും തൊഴിൽ സേവനങ്ങൾക്കും ഭൂസ്വത്തുക്കൾക്ക്

വേണ്ടിയും മറ്റും  അനേകം പണമിടപാടുകൾ നടക്കുന്നുണ്ട്. ഓരോ ഘട്ടത്തിലും ഇടപാടിന്റെ വ്യവസ്ഥകളും ക്രയമൂല്യവും നിശ്ചയിക്കുന്നത് വിതരണക്കാരും ആവശ്യക്കാരും തമ്മിലുള്ള വ്യാപാര സംബന്ധിയായ ഇടപഴകലുകൾ വഴിയാണ്. ഓരോ ഘട്ടത്തിലും എടുക്കപ്പെടുന്ന തീരുമാനങ്ങളുടെ സ്വതന്ത്രവും സന്നദ്ധവുമായ സ്വഭാവമാണ് ഇത്തരം വിപണികളെ സ്വതന്ത്ര വിപണി എന്ന് വിളിക്കുവാൻ കാരണമായിട്ടുള്ളത്.

സ്വതന്ത്ര വിപണിയും സ്വതന്ത്ര ക്രയമൂല്യഘടനയും ലോകത്തെമ്പാടും നിന്നുള്ള ചരക്കുവസ്തുക്കൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് സഹായിക്കുന്നു. വലിയ തുക മുതൽമുടക്കി സാധനസമ്പത്തുക്കൾ നീക്കിവെച്ചുകൊണ്ട് ഭാവിയിൽ ഉപഭോക്തൃ സേവനം നടത്തുന്നത് വഴി സാമ്പത്തിക ലാഭം ലക്ഷ്യമിടുന്ന സംരംഭകർക്കും സ്വതന്ത്ര വിപണി വലിയ പ്രതീക്ഷയാണ്. ഈടുവയ്പുകളും നിക്ഷേപവും വഴി മൂലധനവസ്തുക്കളെ പോഷിപ്പിക്കാനും തൊഴിലാളികളുടെ ഉത്പാദനക്ഷമതയും വേതനവും മെച്ചപ്പെടുത്താനും, തന്മൂലം അവരുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താനും സാധിക്കും.

സംരംഭകർക്ക്, ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് വഴി, വിപണികളിൽ മികച്ച തുടക്കം നൽകുവാൻ കെൽപുള്ള പുതുമയുള്ളതും വ്യത്യസ്തവുമായ വഴികൾ തുറന്നുവെക്കുന്ന സാങ്കേതികവിദ്യകളെയും കണ്ടുപിടിത്തങ്ങളെയും മത്സര സ്വഭാവമുള്ള സ്വതന്ത്ര വിപണികൾ ഉത്തേജിപ്പിക്കാറുണ്ട്. നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ സ്വതന്ത്ര വിപണികളുടെ ക്രയമൂല്യ ഘടനയും വിപണിയുടെ ലാഭനഷ്ട പ്രേരകങ്ങളും മൂലധനനിക്ഷേപത്തെയും ഉത്പാദനത്തെയും നേരായ മാർഗത്തിലേക്ക് നയിക്കുന്നത് വളരെ പ്രാധാന്യം നൽകപ്പെടേണ്ട സവിശേഷതയാണ്.

സങ്കീർണ്ണമായ ശൃംഖലകൾ വിപണികളെ കണ്ണികളായി കൂട്ടിച്ചേർക്കുകയും അവയ്ക്ക് വ്യക്തത വരുത്തുകയും ചെയ്യുന്നതിനാൽ വിശദീകരിക്കാനൊക്കാത്ത തരത്തിൽ അപ്രതീക്ഷിതമായി പൊട്ടിപുറപ്പെടുന്ന ക്ഷാമമോ കെട്ടിയിരിപ്പോ ഉത്പാദന മേഖലയ്ക്ക് നേരിടേണ്ടി വരാറില്ല. എന്നാൽ സ്വതന്ത്ര വിപണിയിൽ നടക്കുന്ന ഇടപാടുകൾ തികച്ചും സ്വതന്ത്രമെന്ന് പറഞ്ഞുകൂടാ. പലപ്പോഴും ഇടപാടുകൾ അധികാര ധാർഷ്ട്യത്തിന്റെയോ ഭീഷണിപ്പെടുത്തലിന്റെയോ ഫലമായിട്ടു നടക്കുന്നതാവാം.

കഴുത്തിൽ കത്തി വെച്ചുകൊണ്ട് കൊള്ളക്കാരൻ ജീവനു വിലപേശുമ്പോൾ നമ്മൾ പണം കൈമാറി ജീവൻ നിലനിർത്തും. ഇതൊരു തരത്തിൽ പറഞ്ഞാൽ ഇടപാട് തന്നെ. ഈ ഇടപാട് വഴി കൊള്ളക്കാരൻ പണം നേടുമ്പോൾ നമ്മൾ അപായങ്ങൾ സംഭവിക്കാതെ രക്ഷപ്പെടുന്നു. നോക്കുമ്പോൾ ഇരുകൂട്ടർക്കും ലാഭം

തന്നെ. പക്ഷെ സന്നദ്ധമായി നടത്തപ്പെടുന്നതല്ല, മറിച്ചു ഭീഷണിപ്പെടുത്തി ചെയ്യിക്കുന്ന ഇടപാടാണിതെന്ന് മാത്രം.

സ്വതന്ത്ര വിപണികളല്ല, കൊള്ളയിടയാണ് യഥാർത്ഥത്തിൽ മെർക്കന്റിലിസ്റ്റ് മാതൃക പിന്തുടരുന്നത്: കൊള്ളയടിക്കപ്പെട്ടവന്റെ പണത്താൽ കൊള്ളക്കാരൻ നേട്ടമുണ്ടാക്കുന്നു. അതിനാൽ തന്നെ ചൂഷണം നടക്കുന്നത് സ്വതന്ത്ര വിപണികളിലല്ല, മറിച്ചു അധികാര മുള്ളവൻ ഇരയെ ചൂഷണം ചെയ്യുന്നിടത്താണ് അത് സംഭവി ക്കുന്നത്. പലപ്പോഴും വിപണികളിൽ ഇത് കാണപ്പെടുന്നുവെന്ന് മാത്രം. എന്നാൽ ഭീഷണിപ്പെടുത്തലും അധികാര ദുർവിനിയോഗ വുമെല്ലാം വിദൂരഭാവിയിൽ വിപണികൾക്ക് ദുഷ്ഫലം ചെയ്യുന്ന പ്രവർത്തികളാണ്. ഉത്പാദനം കുറയാനും നീക്കിയിരുപ്പിനും നിക്ഷേപത്തിനും ക്ഷയം സംഭവിക്കാനും മൂലധനമുതലിന് ഇടിവ് നേരിടാനും ഉത്പാദനക്ഷമത കുറയാനും, തന്മൂലം വിപണിയുമായി ബന്ധപ്പെട്ടവരുടെ ജീവിത നിലവാരം തന്നെ താഴാനും മേല്പറഞ്ഞ രീതിയിലുള്ള ഭീഷണിപ്പെടുത്തിയുള്ള ഇടപാടുകൾ വഴി വെച്ചേക്കാം. ഒരുവേള ഇത്തരം ഇടപാടുകൾ നിർബന്ധിപ്പിച്ചു നടത്തുന്ന വ്യക്തികൾക്ക് തന്നെ കോട്ടങ്ങൾ സംഭവിച്ചേക്കാം.

ഏതൊരു സമൂഹത്തിലും സർക്കാർ മാത്രമാണ് നിയമാനു സൃതമായി നിർബന്ധിത ഇടപാടുകൾ പ്രാവർത്തികമാക്കുന്ന സ്ഥാപനം. ഒരുതരത്തിൽ പറഞ്ഞാൽ, നിർബന്ധിതമായി ചെയ്യിക്കപ്പെടുന്ന ഒരു ഇടപാട് തന്നെയാണ് നികുതി ചുമത്തൽ. ഉത്പദാനത്തിനു മുകളിൽ ഏർപ്പെടുത്തുന്ന നികുതിയുടെ ഭാരം കൂടുന്നതിനനുസരിച്ചു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഇടർച്ച സംഭവിക്കാനും, ഒടുക്കമത് അധ:പതിക്കുവാനും സാധ്യത കൾ ഏറെയാണ്.

നികുതിക്ക് പുറമെ ഇന്ധനവിലയ്ക്ക് മുകളിലുള്ള നിയന്ത്രണം, പുതിയ സംരംഭങ്ങളെ വിപണിയിൽ നിന്നും മാറ്റി നിർത്തുന്ന തരത്തി ലുള്ള തീരുമാനങ്ങൾ തുടങ്ങിയ സർക്കാരിന്റെ ചില ഇടപെടലുകൾ വിപണികളിലെ ഇടപാടുകളെയും വ്യാപാരങ്ങളെയും തടസ്സപ്പെടു ത്തുകയും അശക്തമാക്കുകയും ചെയ്യുന്നതാണ്. എന്നാൽ വഞ്ചനാ പ്രവർത്തികൾക്ക് മുകളിലുള്ള നിരോധനവും കരാറിന്മേലുള്ള നിർബന്ധവുമെല്ലാം വിപണികളിലെ സന്നദ്ധ ഇടപാടുകൾക്ക് ഊർജമേകുന്ന സർക്കാർ ഇടപെടലുകളാണ്.

സർക്കാരുകൾ നടത്തുന്ന ഏറ്റവും പരമമായ നിർബന്ധിത പ്രവർത്തി സോഷ്യലിസമാണ്. സോഷ്യലിസ്റ്റ് കേന്ദ്രീകൃത ആസൂത്ര ണത്തിന് കീഴിൽ വരുന്ന സോഷ്യലിസ്റ്റ് ആസൂത്രണ സമിതിക്ക് ഭൂമിയെയോ മൂലധനവസ്തുക്കളോ സംബന്ധിക്കുന്ന ക്രയമൂല്യ സംവിധാനങ്ങളൊന്നും തന്നെയില്ല. ക്രയമൂല്യമോ വിലയോ കണക്കു കൂട്ടാനോ മൂലധനം നിക്ഷേപിക്കുവാനോ തന്മൂലം ഉത്പാദന ശൃംഖലകളെ കണ്ണിചേർക്കുവാനോ അവയുടെ വ്യാപാരങ്ങളിൽ

കൂടുതൽ വ്യക്തത വരുത്തുവാനോ സോഷ്യലിസ്റ്റ് ആസൂത്രണ സമിതിക്ക് സാധ്യമല്ലെന്ന് റോബർട്ട് ഹെയിൽബ്രോണറെ പോലുള്ള സോഷ്യലിസ്റ്റുകൾ പോലും ഇപ്പോൾ സമ്മതിക്കുന്നു.

സമൃദ്ധമായി വിളവെടുത്ത ഗോതമ്പു വളരെ പണിപ്പെട്ടിട്ടും ചില്ലറ ക്കച്ചവടക്കാരിലേക്ക് എത്തിക്കുവാൻ സാധിക്കാതെ പോയ സോ വിയറ്റ് അനുഭവം നിർണ്ണായകമാണ്. ഇത് സ്വതന്ത്ര വിപണിയുടെ അഭാവത്തിൽ അതീവ സങ്കീർണവും നൂതനവുമായ ഒരു സമ്പദ് ഘടനയെ ചലിപ്പിക്കുവാൻ സാധിക്കില്ലെന്നതിന്റെ ഉത്തമ ബോധ്യ പെടുത്തലാണ്. മോസ്കോയിലെക്കോ അടുത്ത പ്രധാന പട്ടണ ങ്ങളിലെക്കോ ചരക്കുകൾ വില്പനയ്ക്കെത്താൻ അനേകം ഘട്ടങ്ങൾ കടക്കേണ്ടി വന്നിരുന്നു. വിളവെടുത്ത ഗോതമ്പ്ശേഖരത്തെ ധാന്യ ങ്ങൾ പൊടിക്കുന്നതിനുള്ള മില്ലുകളിലേക്ക് കൊണ്ടുപോകുന്ന വണ്ടി കൾക്ക് അധികമായി പ്രേരകങ്ങളോ ക്രയമൂല്യവും വിലയും കണക്കാ ക്കുന്നതിനുള്ള ഉപാധികളോ സോവിയറ്റിൽ നൽകിയിരുന്നില്ല. ഇതിനാൽ ഗോതമ്പ് ഉത്പാദനത്തിലും വിതരണത്തിലും ഉണ്ടായി രുന്ന നിക്ഷേപങ്ങൾ മിക്കവാറും പാഴായി.

വിപണിയുടെ സമത്വസ്വഭാവം യഥാർത്ഥത്തിൽ പരസ്പര വൈരുദ്ധ്യം കാഴ്ചവെക്കാറുണ്ട്. വിപണിയുടെ സമത്വസ്വഭാവത്തെ പറ്റിയുള്ള മനോഹാരമായ ചർച്ചകൾ പലപ്പോഴും അതിന്റെ നിർണ്ണായകമായൊരു വശത്തെ പരിഗണിക്കാതെ പോകുന്നു. രണ്ടു ചരക്കുകളുടെ വിനിമയം നടക്കുമ്പോൾ പ്രസ്തുത ചരക്കുകളെ സംബന്ധിച്ച സ്വത്തു പ്രമാണങ്ങളുടെ (സ്വത്തുപദവികളുടെ) വിനിമയമാണ് വാസ്തവത്തിൽ നടക്കുന്നത്.

അഞ്ചു രൂപ കൊടുത്തു ഞാനൊരു പത്രം വാങ്ങുമ്പോൾ ഞാനും പത്രവില്പനക്കാരനും തമ്മിൽ സ്വത്തവകാശത്തിന്റെ ആധാര ങ്ങളാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. അഞ്ചു രൂപയുടെ മുകളിൽ എനിക്കുണ്ടായ ഉടമസ്ഥാവകാശം ഞാൻ പത്രവില്പനക്കാരന് നൽകുമ്പോൾ, തിരിച്ചയാളുടെ ഉടമസ്ഥതയിലുണ്ടായ പത്രം അയാൾ എനിക്ക് നൽകുന്നു. ഇതിൽ ഒരു വീടോ സ്ഥലമോ വാങ്ങിക്കുന്ന തിനുള്ള അതേ നടപടിക്രമങ്ങൾ തന്നെയാണുള്ളത്. ആകെയുള്ളത് പത്രത്തിന്റെ കാര്യത്തിൽ നടപടികൾ ഏറെക്കുറെ അനൗദ്യോഗിക മാണെന്നതാണ്. ഇതിനാൽ തന്നെ നമുക്ക് നോട്ടറി, കരാർ, ഇടനില ക്കാർ, വക്കീൽ തുടങ്ങിയ സങ്കീർണ്ണതകളൊന്നും ഒരു പത്രം വാങ്ങു ന്നതിന് ആവശ്യമില്ല. എങ്കിലും വീട് കച്ചവടം ആകുന്നതിന്റെയും ഒരു പത്രം വാങ്ങുന്നതിന്റെയും സാമ്പത്തിക സ്വഭാവം ഒന്ന് തന്നെ യാണ്. ഇതിനർത്ഥം ഒരു സ്വതന്ത്ര വിപണിയുടെ നിലനില്പിനും അഭിവൃദ്ധിക്കും പ്രധാനമായി വേണ്ടത് സ്വകാര്യ സ്വത്തുക്കളുടെ അവകാശങ്ങളും ആധാരങ്ങളും ചട്ടങ്ങളും ബഹുമാനിക്കുകയും പ്രതിരോധിക്കുകയും സുരക്ഷിതമായി വെക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ്.

എന്നാൽ സോഷ്യലിസത്തിന്റെ പ്രധാന ലക്ഷ്യം ഉത്പാദന ത്തിന്റെയും ഭൂസ്വത്തിന്റെയും മൂലധനത്തിന്റെയുമെല്ലാം അവകാശം സർക്കാരിന്റേതാക്കി മാറ്റുക എന്നതാണ്. അതിനാൽ തന്നെ ഭൂമിയിട പാടുകളിലും മൂലധനവസ്തുക്കളുടെയും മറ്റും നിക്ഷേപത്തിലും പേരുകേട്ട വിപണികൾ ഇല്ലാതെവരും. സ്വതന്ത്ര വിപണിയുടെ വിമർശകരിൽ ചിലർ സ്വത്തവകാശ നിയമങ്ങൾ മനുഷ്യാവകാശ ങ്ങൾക്ക് വിരുദ്ധമാണെന്ന വാദമുയർത്തുന്നുണ്ട്. എന്നാൽ സ്വതന്ത്ര വിപണിയുടെ സംവിധാനത്തിൽ ഓരോ വ്യക്തിക്കും അവനവ ന്റെയും അവന്റെ തൊഴിലിന്റെയും മുകളിൽ സ്വത്തവകാശമുണ്ടെന്ന വസ്തുത വിമർശനം ഉന്നയിക്കുന്നവർ മനസിലാക്കുന്നില്ല. ഈ അവകാശം വഴി വ്യക്തികൾക്ക് സേവനങ്ങൾക്ക് വേണ്ടി സ്വതന്ത്രമായ കരാറുകൾ രൂപപെടുത്താവുന്നതാണ്. അടിമത്തം എന്ന സങ്കൽപം പക്ഷെ അടിമകൾക്ക് തങ്ങളുടെ ശരീരത്തിനും തങ്ങളുടെ തൊഴിലിനും മുകളിലുള്ള അടിസ്ഥാനപരമായ സ്വത്ത വകാശത്തെ ലംഘിക്കുന്നതാണ്. തന്നെയുമല്ല എല്ലാ അവകാശ ങ്ങളും, ഉദാഹരണത്തിന് പൗരന്മാരുടെ സംസാര സ്വാതന്ത്ര്യമായാ ലും ഒരു വ്യക്തിയുടെ സ്വന്തം വീടിന് മുകളിലുള്ള സ്വത്തവകാശ മായാലും, ഒരു തരത്തിൽ മനുഷ്യാവകാശം തന്നെയാണ്.

നായ നായയെ തന്നെ വേട്ടയാടുന്ന രീതിയിലുള്ള കാടൻ നിയമ മാണ് സ്വതന്ത്ര വിപണി ഏർപ്പെടുത്തുന്നത് എന്നതാണ് പൊതുവായ ആരോപണമായി കേൾക്കാറുള്ളത്. വിപണിയുടെ മത്സര സ്വഭാവ ത്തിന്റെ പേരിൽ സ്വതന്ത്ര വിപണികൾ മനുഷ്യരുടെ പരസ്പര സഹകരണം തിരസ്കരിക്കുകയും, ഒപ്പം ഭൗതിക വിജയത്തെ മഹത്വ വത്കരിക്കുന്നതു വഴി ആത്മീയ മൂല്യങ്ങളെയും തത്വചിന്തകളെയും വിശ്രമജീവിതത്തെയും എതിർക്കുകയും ചെയ്യുന്നതായൊക്കെ പരാമർശങ്ങളുണ്ട്.

എന്നാൽ സ്വതന്ത്ര വിപണിയോട് കടകവിരുദ്ധമായ കാര്യമാണ് കാടുകളിൽ നടക്കുന്നതെന്ന് വേണം പറയാൻ. കാടെന്നത് ബലപ്ര യോഗം കൊണ്ടുള്ള അനുസരിപ്പിക്കലും കൊള്ളയും പരോപ ജീവന വും ഏറ്റവുമധികം ചിലവാകുന്ന ഒരിടമാണ്. ജീവനെയും ജീവിത സാഹചര്യങ്ങളെയും നിരന്തരം പൊളിച്ചെഴുതിക്കൊണ്ടിരിക്കുന്ന ജീവിസമൂഹമാണ് കാടുകളിലുള്ളത്.

സ്വതന്ത്രമല്ലാത്തൊരു സമൂഹത്തെ അപേക്ഷിച്ചു നോക്കുമ്പോൾ സ്വതന്ത്ര വിപണികളിലെ ഉത്പാദകരും വിതരണക്കാരും സമാധാന പൂർണ്ണമായി കൊണ്ടുനടക്കുന്ന പരസ്പരവാശിയും മത്സരവും ഇരു കൂട്ടർക്കും ലാഭം നേടികൊടുക്കുകയും അവരുടെ ജീവിത സാഹചര്യ ങ്ങൾ മെച്ചപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്യുന്ന ഗഹനമാ യൊരു സഹകരണ സമ്പ്രദായം തന്നെയാണ്. സ്വതന്ത്ര സമൂഹങ്ങ ളുടെ നിസ്സംശയമായ ഭൗതിക വിജയം വഴി അവർക്ക് സാമാന്യമായ ധനാഢ്യത കൈവരുന്നു. ഇതിൽ നിന്നും മറ്റു സമൂഹങ്ങളെ അപേ

ക്ഷിച്ചു വലിയ തോതിൽ വിശ്രമവേളകൾ ആസ്വദിക്കുവാനുള്ള അവസരങ്ങളൊരുങ്ങുകയും അതുവഴി അലൗകീകവും ആത്മീയവുമായ കാര്യങ്ങളിൽ വ്യവഹരിക്കാനും അവസരം ലഭിക്കുന്നു.

ജനങ്ങൾക്കും വിപണികൾക്കും മുകളിൽ അനാവശ്യവും അന്യായവുമായ നിയന്ത്രണശക്തിയുള്ള രാജ്യങ്ങളുടെ വിപണികളിൽ നിസ്സാരമായ വ്യാപാരങ്ങൾ മാത്രമേ നടക്കുകയുള്ളൂ. പ്രധാനമായും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ വിപണികളാണ് ഇത്തരം ശോഷിച്ച അവസ്ഥ നേരിടുന്നത്. ദൈനംദിനതൊഴിലിന്മേലുള്ള ഭീഷണിയും നിലനില്പും ഇവിടങ്ങളിലെ ജനങ്ങളെ സാമ്പത്തികമായി ദരിദ്രാവസ്ഥയിലെത്തിക്കുന്നതിനോടൊപ്പം അവരുടെ ഉത്സാഹത്തെയും ഇല്ലാതാക്കുന്നു.

# രാഷ്ട്രീയ (രാഷ്ട്രീയ ഇടപെടലുകളുള്ള) വിപണികൾ പ്രാവർത്തികമാകാത്തത് എന്തുകൊണ്ട് ![*]

നിങ്ങൾ നിങ്ങളുടെ പട്ടണത്തിലെ പ്രധാന ചന്തയിലേക്ക് പോയി എന്ന് കരുതുക. അവിടെ നിങ്ങൾക്ക് വിവിധങ്ങളായ വസ്തുക്കളും ചരക്കുകളും വില്പന നടത്തുന്ന ധാരാളം കടകളും, ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന നിരവധി കച്ചവടക്കാരെയും മറ്റും കാണുവാൻ സാധിക്കും. എന്നാൽ നിങ്ങളുടെ പക്കലൊരു നിശ്ചിത തുക മാത്രമേ ചെലവഴിക്കുവാനുള്ളു എന്നിരിക്കട്ടെ. കണ്ണിൽ കണ്ടതും ഇഷ്ടപ്പെട്ടതും എല്ലാം വാങ്ങുവാൻ നിങ്ങൾക്ക് തരമില്ല. കാരണം നിങ്ങളുടെ പക്കലുള്ള പണം പരിമിതമാണ്, എന്നാൽ നിങ്ങളുടെ ആഗ്രഹൾക്ക് യാതൊരു പരിമിതികളുമില്ല. അതുകൊണ്ടു നിങ്ങൾ ചിന്തിച്ചു വേണം സാധനങ്ങൾ വാങ്ങുന്നതിന്റെ പറ്റി തീരുമാനമെടുക്കുവാൻ. ഒരു കഷ്ണം ചോക്ലേറ്റ് വാങ്ങിക്കുവാൻ വേണ്ടി ഓറഞ്ച് ജ്യൂസ് വേണ്ടാ എന്ന് വെക്കണോ അതോ ജ്യൂസിന് വേണ്ടി ചോക്ലേറ്റ് കഴിക്കുവാനുള്ള മോഹമുപേക്ഷിക്കണോ വേണ്ടയോ എന്ന് നിങ്ങൾ തീരുമാനിക്കണം. ഇതൊരു ലളിതമായ ഉദാഹരണം മാത്രമാണ്.

സാമ്പത്തികശാസ്ത്രത്തെ ബാധിക്കുന്ന പ്രധാന പ്രശ്നം ഉചിതമായ കാര്യങ്ങൾ തിരഞ്ഞെടുക്കുക അല്ലെങ്കിൽ തീരുമാനങ്ങൾ കൈക്കൊള്ളുക എന്നുള്ളതാണ്.

നമ്മുടെ മുൻപിൽ പരിമിതമായ സാധനസമ്പത്തുകളും അതിരുകവിഞ്ഞ ആവശ്യങ്ങളുമുണ്ട്. അതിനാൽ തന്നെ വളരെ ബുദ്ധിപൂർവ്വം ശാസ്ത്രീയമായി എടുക്കുന്ന തീരുമാനങ്ങൾക്ക് അനുസൃതമായി മാത്രമേ മേൽസൂചിപ്പിച്ച പരിമിത വിഭവങ്ങളും സമ്പത്തും നമ്മൾ ചെലവഴിക്കുവാൻ പാടുള്ളു.

സ്വതന്ത്ര വിപണികളിൽ നാം ആസ്വദിക്കുന്ന പ്രധാനപ്പെട്ട സ്വാതന്ത്ര്യങ്ങളിൽ ഒന്ന് ഇടപാടുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തന്നെയാണ്. സംരക്ഷണവാദവും കച്ചവടങ്ങൾക്കുമേലുള്ള നിയന്ത്രണങ്ങളും കാരണം മേൽപറഞ്ഞ സ്വാതന്ത്ര്യത്തെ പരിപൂർണമായും അനുഭവിക്കുവാൻ നമുക്ക് സാധിക്കാതെ വരുന്നതിനോടൊപ്പം ഇച്ഛാനുസരണമല്ലാതെ സ്വതന്ത്ര വിപണിയിലായിരുന്നെങ്കിൽ ഒരുപക്ഷെ നാം വാങ്ങിക്കുവാൻ മടിച്ചിരുന്ന വസ്തുക്കൾക്കുമേൽ കഷ്ടപ്പെട്ടു സമ്പാദിച്ച പണം ചെലവഴിക്കാൻ നാം നിർബന്ധിതരാവുകയാണ്:

---

* *സൗവിക്ക് ചക്രവർത്തി (2005), എ സിറ്റിസെൻസ് ഗൈഡ് ടു പൊളിറ്റിക്കൽ ഇക്കോണമി.*

ബജാജ് ഓട്ടോറിക്ഷകൾ, ഓൾഡ് മങ്ക് റം, വിൽസ് നേവി കട്ട് തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. (മിൽട്ടൺ ഫ്രീഡ്മാൻ രചിച്ച 'ഫ്രീ ടു ചൂസ് / തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം' വായിച്ചിരിക്കേണ്ട ഒരു മികച്ച പുസ്തകമാണ്. ഡോക്യുമെന്ററി രൂപത്തിലും ഇത് ലഭ്യമാണ്.)

സാധാരണയായി നമ്മൾ രണ്ട് തരത്തിലുള്ള തീരുമാനങ്ങൾ നടത്തുന്നു: ഒന്ന് സ്വകാര്യമായവയും മറ്റേത് പൊതുവായുള്ള തീരുമാനങ്ങളുമാണ്.

സ്വകാര്യ വിപണികളിലാണ് സ്വകാര്യ തീരുമാനങ്ങൾ എടുക്കപ്പെടുന്നത്. ഈ കമ്പോളങ്ങളിലെ പ്രധാന ഇടപാടുകാർ ഉപഭോക്താക്കളും വിതരണക്കാരുമാണ്. ഇതിലൂടെയാണ് നമ്മൾ ആവശ്യമായ ഭക്ഷണം, വസ്ത്രങ്ങൾ, കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നത്.

പൊതു തിരഞ്ഞെടുപ്പുകൾ അഥവാ തീരുമാനങ്ങൾ രാഷ്ട്രീയ വിപണികളെ സംബന്ധിക്കുന്നതാണ്. പ്രത്യേകിച്ചും രാഷ്ട്രീയക്കാർ, ബ്യൂറോക്രാറ്റുകൾ (ഉദ്യോഗസ്ഥ വർഗ്ഗങ്ങൾ) തുടങ്ങി ചില സ്ഥാപിത താൽപ്പര്യങ്ങളുള്ള സംഘങ്ങളും ഒപ്പം അന്തിമ തീരുമാനങ്ങൾക്ക് ശക്തി പകരുന്ന വോട്ടർമാരുമാണ് ഇത്തരം തിരഞ്ഞെടുപ്പുകളിലും വിപണികളിലുമുള്ള പ്രധാനികൾ.

ഇതുവഴിയാണ് നമ്മുടെ നാട്ടിലെ പൊതുമരാമത്ത് ജോലികളും, മാലിന്യ നിർമ്മാർജ്ജനവും, നിയമപാലനവും, രാജ്യത്തിന്റെ സുരക്ഷയും പ്രതിരോധവും തുടങ്ങി നിരവധി കാര്യങ്ങൾ നടക്കുന്നത്. ഓർക്കുക, രാഷ്ട്രീയ വിപണിയിൽ പോലും സാമ്പത്തിക ശ്രോതസ്സുകൾ പരിമിതമാണ്. രാജ്യത്തിന്റെ സുരക്ഷയുടെ കാര്യത്തിൽ കൂടുതൽ പണം ചെലവഴിച്ചാൽ വിദ്യാഭ്യാസത്തിന് കുറഞ്ഞ പരിഗണന മാത്രമേ നൽകാൻ സാധിച്ചുള്ളുവെന്ന് വരും. 'പബ്ലിക്ക് ചോയിസ് തിയറി' അഥവാ പൊതു തിരഞ്ഞെടുപ്പുകളുടെ അഥവാ തീരുമാനങ്ങളുടെ സിദ്ധാന്തം എന്നത് രാഷ്ട്രീയ വിപണിയിൽ (ലിബറൽ, ജനാധിപത്യ സംവിധാനങ്ങളുടെ സജ്ജീകരണത്തിൽ) എങ്ങനെയാണ് തീരുമാനങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നത് എന്ന് പഠനം നടത്തുന്ന സാമ്പത്തിക ശാസ്ത്രത്തിലെ ഒരു ശാഖയാണ്.

സ്വകാര്യ വിപണികളുടെ ഉപഭോക്താക്കൾ വിവിധ വസ്തുക്കളുടെയും സേവനങ്ങളുടെയും തുലനം നടത്തിയ ശേഷം ഇച്ഛാനുസൃതം അവരുടെ പണം ചെലവഴിക്കുന്നു. എടുക്കുന്ന ഓരോ തീരുമാനവും തങ്ങളെ നേരിട്ട് ബാധിക്കും എന്നതിനാലും തെറ്റായ തീരുമാനങ്ങൾ വഴി നഷ്ടങ്ങളും ദോഷങ്ങളും സംഭവിച്ചേക്കാമെന്ന ബോധ്യമുള്ളതിനാലും കൃത്യമായ വിവരാന്വേഷണങ്ങൾക്ക് ശേഷം മാത്രം തീരുമാനങ്ങൾ എടുക്കുവാനും പഴയ തെറ്റുകൾ തിരുത്തുന്നതിനും അവർ കൂടുതൽ ശ്രദ്ധിക്കുന്നു. ടെലിവിഷൻ, റഫ്രിജറേറ്റർ, കാർ തുടങ്ങിയവ പോലുള്ള ദീർഘകാലം ഉപയോഗിക്കാനുള്ള ഉത്പന്നങ്ങൾ പണം നൽകി വിപണിയിൽ നിന്നും വാങ്ങുന്നതിന്

മുൻപ് അത്തരം ഉത്പന്നങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വരോടോ അല്ലെങ്കിൽ മുൻകാലങ്ങളിൽ ഉപയോഗിച്ചു അനുഭവം ഉള്ള വരോടോ നിങ്ങൾ അവരുടെ അനുഭവം ചോദിച്ചറിയാറുണ്ട്. അവർക്ക് വിവിധ ബ്രാൻഡുകളെ പറ്റിയും ഉൽപ്പന്നങ്ങളുടെ നിലവാരത്തെ പറ്റിയും മറ്റുമുള്ള അഭിപ്രായങ്ങൾ ചോദിച്ചറിഞ്ഞും, ഉത്പന്നങ്ങളെ പറ്റിയുള്ള അവലോകനങ്ങൾ വായിച്ചു മനസിലാക്കിയും പരസ്യ ങ്ങളിൽ നൽകിയിട്ടുള്ള വിവിധ ബ്രാൻഡുകളുടെ സവിശേഷതകൾ താരതമ്യം ചെയ്ത ശേഷമാണ് നിങ്ങൾ അത്തരം ഉത്പന്നങ്ങൾ വാ ങ്ങുന്നത്. നിങ്ങളുടെ വാങ്ങൽ നടത്തുന്നതിനു മുമ്പ് സ്വയം അധ്വാനി ച്ചുണ്ടാക്കിയ പണം വളരെ സൂക്ഷിച്ചു മാത്രമേ ചെലവഴിക്കുക യുള്ളു. അതുകൊണ്ടുതന്നെ, സ്വകാര്യ വിപണിയിൽ സാധാരണ യായി പണം ധാരാളമായി ചെലവഴിക്കപ്പെടുന്നു. സ്വകാര്യ വിപണി കൾ വഴി കൂടുതൽ തുക ചെലവഴിക്കപ്പെടുകയാണെങ്കിൽ നമ്മുടെ നാടിന്റെ സമ്പത്തിന്റെ ഭൂരിഭാഗവും നന്നായി ചെലവഴിക്ക പ്പെടുമായിരുന്നു.

സമർത്ഥരായ ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്ന മികച്ച ജനാധിപത്യ രാഷ്ട്രങ്ങളിൽ പോലും രാഷ്ട്രീയ വിപണിയിൽ പണം കൃത്യതയോടെയും കാര്യക്ഷമമായും ചെലവഴിക്കുവാൻ സാധ്യമാവാതെ വരുന്നതിന് കാരണങ്ങളുണ്ട്:

- രാഷ്ട്രീയക്കാർക്ക് പ്രധാനമായും വീണ്ടും തെരഞ്ഞെടുക്കപ്പെടു ന്നതിലാണ് താൽപര്യം. തിരഞ്ഞെടുപ്പുകളിൽ വോട്ടുകൾ ഉറപ്പാ ക്കുന്ന വിധത്തിലുള്ള പദ്ധതികളിലും മറ്റും അവർ ധാരാളമായി പൊതു പണം ചെലവഴിക്കും. ആന്ധ്രാപ്രദേശിൽ കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ നടത്തിവരുന്ന അരിവിതരണം ഇതിന്റെയൊ രു നല്ല ഉദാഹരണമാണ്. അതുപോലെ തന്നെയാണ് കർഷകർ ക്ക് സൗജന്യമായി നൽകിവരുന്ന വെള്ളവും വൈദ്യുതിയും. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചാണ് പത്രങ്ങളിൽ ദിവ സേന പ്രത്യക്ഷപ്പെടുന്ന രാഷ്ട്രീയക്കാരെ കാണിക്കുന്ന വലിയ പരസ്യങ്ങൾ നൽകുന്നത്. ഇത്തരം ചെലവുകൾ പൊതുജന താല്പര്യത്തിൽ ആയിരിക്കുന്നതിനേക്കാൾ രാഷ്ട്രീയക്കാർക്ക് തങ്ങളുടെ അധികാരകസേര നിലനിർത്തുവാനുള്ള തന്ത്രമാണ്.
- ബ്യൂറോക്രാറ്റുകളുടെ (ഉദ്യോഗസ്ഥ വർഗ്ഗത്തിന്റെ) പ്രധാന താൽപര്യമേഖല സാമ്പത്തിക ബജറ്റാണ്. നികുതി വകുപ്പുകളിൽ നിന്ന് അവരുടെ വകുപ്പുകൾക്ക് കൂടുതൽ പണം ലഭിക്കു ന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവർ എല്ലായ്പ്പോഴും ശ്രമിക്കും. നികുതി വരുമാനത്തിൽനിന്ന് കിട്ടുന്ന വിഹിതത്തിനും മുകളിൽ സർക്കാർ എത്രമാത്രം പണം ചെലവഴിക്കുന്നുവെന്നത് വ്യക്ത മാക്കുന്ന ബജറ്റ് കമ്മി (ധനകമ്മി) കുറയാതിരിക്കുവാൻ കാരണം സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥ വകുപ്പുകൾ കൈക്കൊള്ളുന്ന അനാവശ്യമായ അധികച്ചിലവുണ്ടാക്കുന്ന നടപടികളാണ്.

- പ്രത്യേക താൽപര്യങ്ങളുള്ള കൂട്ടായ്മകളും വോട്ടർമാരും സൗജന്യ വാഗ്ദാനങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുന്നവരാണ്: മറ്റുള്ളവരുടെ നഷ്ടങ്ങളുടെ പലകകളിൽ ചവിട്ടിനിന്നാണ് ചിലർ നേട്ടങ്ങൾ കൊയ്യുന്നത്.

പൊതുസമ്പത്ത് സ്വയം എങ്ങനെ മുതലാക്കാമെന്നും എങ്ങനെ പ്രത്യേക രാഷ്ട്രീയ ചേരികളിലൊന്നും പെടാത്ത സാധാരണക്കാരൻ അടക്കുന്ന നികുതിപ്പണം ഉപയോഗിച്ച് കൂടുതൽ വിഭവങ്ങളോ സേവനങ്ങളോ സൗജന്യമായി സ്വന്തമാക്കാമെന്നുമാണ് ഇക്കൂട്ടരുടെ നിത്യ ചിന്ത. ഇന്ത്യയിലെ വ്യവസായികളെ സംരക്ഷിക്കുന്നതിന് വേണ്ടി ചുമത്തപ്പെട്ടിട്ടുള്ള ഉയർന്ന ഇറക്കുമതി നികുതികൾ ഇതിന്റെ ഒരു നല്ല ഉദാഹരണമാണ്. വ്യവസായികൾ എണ്ണത്തിൽ ചുരുക്കവും, സംഘടിതരും ശക്തരുമാണ്. എന്നാൽ എണ്ണത്തിൽ വളരെ വലുതാണെങ്കിലും അസംഘടിതരായതിനാൽ ഉപഭോക്താക്കൾക്ക് അവരുടെ മേൽ ചുമത്തപ്പെടുന്ന ഭീമമായ നികുതികൾ അടക്കേണ്ടി വരുന്നു.

രാഷ്ട്രീയപരമായി സർക്കാരുകളും മറ്റും വരുത്തുന്ന ചിലവുകളിൽ ഭൂരിപക്ഷവും ജനഭൂരിഭാഗത്തിന് വേണ്ടിയുള്ളതല്ല എന്നത് ശ്രദ്ധേയമാണ്. മറിച്ച്, അവ രാഷ്ട്രീയപരമായി സംഘടിതമായ ന്യൂനപക്ഷങ്ങളെയും മറ്റുമാണ് ലക്ഷ്യമിടുന്നത്. ഭൂരിഭാഗം വരുന്ന ജനങ്ങൾ നൽകുന്ന നികുതിപ്പണം രാഷ്ട്രീയക്കാർ (സർക്കാർ ചലിപ്പിക്കുന്നവർ) ഈ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി വ്യാപകമായി ചെലവാക്കുകയാണ് ചെയ്യുന്നത്.

അമേരിക്കയിൽ നൽകിവരുന്ന കാർഷിക സബ്സിഡി ഇതിന്റെ ഒരു ഉത്തമ ഉദാഹരണമാണ്. ഈ സബ്സിഡി ജനസംഖ്യയുടെ വെറും രണ്ട് ശതമാനം മാത്രം വരുന്ന കർഷകർക്കാണ് നൽകപ്പെടുന്നത്. എന്നാൽ അസംഘടിതരായ ബാക്കി തൊണ്ണൂറ്റിയെട്ട് ശതമാനത്തോളം വരുന്ന ജനങ്ങൾ നൽകുന്ന നികുതിപ്പണമാണ് ഇതിനായി ചെലവഴിക്കുന്നത്. മറ്റൊരു ഉദാഹരണമായി കണക്കാക്കാവുന്നത് അമേരിക്കയിൽ അടുത്തിടെ സ്റ്റീൽ ഇറക്കുമതിയുടെ മേൽ ഏർപ്പെടുത്തിയ ഉയർന്ന ഇറക്കുമതി നികുതിയാണ്. ഇത്തരത്തിൽ നികുതി ഉയർത്തുന്നത് വഴി അമേരിക്കയിൽ പ്രവർത്തിക്കുന്ന ഏതാനും മുഖ്യ സ്റ്റീൽ ഉൽപ്പാദകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുമെങ്കിലും, ലക്ഷക്കണക്കിന് അമേരിക്കൻ സ്റ്റീൽ ഉപഭോക്താക്കൾക്കാണ് ഉയർന്ന നികുതി നൽകുന്നത് വഴി നഷ്ടമുണ്ടാവുന്നത്.

ഇതിനാൽ തന്നെ രാഷ്ട്രീയ വിപണികളിലും സ്വകാര്യ വിപണികളിലും പണം ചെലവഴിക്കുന്ന രീതികൾ തമ്മിലുള്ള വ്യത്യാസം പരിശോധിക്കുന്നത് നന്നായിരിക്കും.

## ഫ്രൈഡ്മാൻന്റെ ഒൻപത് ചെലവ് നിയമങ്ങൾ:

പണം ചെലവഴിക്കാൻ നാല് മാർഗങ്ങളുള്ളതായി കണക്കാക്കാം:

- നിങ്ങൾക്ക് സ്വന്തമായി (സ്വന്തം പണം സ്വന്തം ആവശ്യത്തിനായി) പണം ചെലവഴിക്കാം.
- നിങ്ങളുടെ പണം മറ്റുള്ളവർക്കായി ചെലവഴിക്കാം - സുഹൃത്തുക്കൾക്ക് പിറന്നാൾ സമ്മാനങ്ങളും മറ്റും വാങ്ങി നൽകുന്നത് പോലെ.
- മറ്റുള്ളവരുടെ പണം നിങ്ങളുടെ ആവശ്യത്തിന് വേണ്ടി ചെലവഴിപ്പിക്കുവാൻ കഴിയും - സ്ഥാപനത്തിന്റെ അക്കൗണ്ടിലെ പണം ഉപയോഗിച്ച് നിങ്ങൾക്ക് ഓഫീസിൽ ഉപയോഗിക്കേണ്ട വസ്തുക്കൾ വാങ്ങുന്നതും മറ്റും.
- മറ്റുള്ളവരുടെ പണം മറ്റ് ആളുകൾക്ക് വേണ്ടി ചെലവഴിക്കാം– രാഷ്ട്രീയ ചെലവുകൾ (കേന്ദ്ര സാമ്പത്തിക ആസൂത്രണം തുടങ്ങിയവ).

സ്വന്തം പണം ചെലവഴിക്കുന്ന ആളുകളെ ആശ്രയിച്ചാണ് നമ്മുടെ നാടിന് പുരോഗതിയുണ്ടാവുന്നത്. ഇങ്ങനെ വരുമ്പോൾ പണത്തിന്റെ ഭൂരിഭാഗവും സുതാര്യവും കാര്യക്ഷമവുമായ രീതികളിലായിരിക്കും ചെലവാക്കപ്പെടുന്നത്. മറുവശത്ത്, സാമ്പത്തിക ആസൂത്രണം വഴി, പണം ചെലവഴിക്കാനുള്ള ഒരു ഉപാധിയായി സർക്കാരിനെ കൂടുതലായി ആശ്രയിക്കുന്നത് സാമ്പത്തിക വളർച്ചയ്ക്ക് ദോഷം വരുത്തിയേക്കാം. ചെലവാക്കപ്പെടുന്ന പണം കാര്യക്ഷമമാവണമെന്നില്ല എന്നത് തന്നെയാണ് ഇതിന് കാരണം. മറ്റുള്ളവരുടെ പണം മറ്റുള്ളവർക്ക് വേണ്ടി ചിലർ ചെലവാക്കുന്നതിനെയാണ് സാമ്പത്തിക ആസൂത്രണം എന്ന് വിളിക്കുന്നത്. കാര്യക്ഷമമല്ലാതെ പണം ചെലവഴിക്കുന്നതിനുള്ള ഉറച്ച വഴിയാണിത്തരം ആസൂത്രണങ്ങൾ.

രാഷ്ട്രീയപരമായ ചെലവുകളെക്കാൾ സ്വകാര്യ ചെലവാണ് കൂടുതൽ നല്ലത്. ഇതിന് മൂന്ന് കാരണങ്ങളുണ്ട്: താല്പര്യം, പ്രചോദനം, അറിവ്.

ഉപഭോക്താക്കൾക്ക് ബുദ്ധിപൂർവ്വം പണം ചെലവഴിക്കാനുള്ള താൽപര്യവും പ്രചോദനവും അത്യാവശ്യമായ വിവരങ്ങളും ലഭ്യമാണ്. എന്നാൽ രാഷ്ട്രീയ വിപണികളെ കൈകാര്യം ചെയ്യുന്ന പ്രധാനികൾക്ക് ഇത്തരം ബുദ്ധിസാമർഥ്യവും അറിവും അതിലുപരി താല്പര്യവും പ്രചോദനവും ഉണ്ടാവണമെന്നില്ല. അവർക്ക് കൂടുതൽ താല്പര്യം പണം തെറ്റായ മാർഗ്ഗങ്ങളിലൂടെ കളഞ്ഞുകുളിക്കാനായിരിക്കും.

സൗജന്യമായി ലഭിക്കുന്ന വെള്ളത്തിനും വൈദ്യുതിക്കുമെല്ലാം പണം നല്കുന്നതാരാണെന്ന് ചിന്തിക്കുക. സൗജന്യ ഉച്ചഭക്ഷണവും സൗജന്യ വിദ്യാഭ്യാസവും സർക്കാരുകൾക്കും ഭരിക്കുന്ന രാഷ്ട്രീയ

കക്ഷികൾക്കും ജനങ്ങൾക്കിടയിൽ വലിയ പ്രഭാവമുണ്ടാക്കുവാൻ സഹായിക്കും. അവനവൻ സമ്പാദിച്ചുണ്ടാക്കാത്ത, ജനങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായ നികുതിപ്പണം സൗജന്യമായി, അലക്ഷ്യമായി, വാരിക്കോരി നൽകുകയാണ് രാഷ്ട്രീയതന്ത്രജ്ഞർ. സൗജന്യമായി എന്ത് കിട്ടിയാലും അതിന്റെ പുറകെ ഓടുന്ന നമ്മുടെ രാജ്യത്തെ ജനങ്ങളോടും അവരെ മുതലെടുക്കുന്ന രാഷ്ട്രീയ കക്ഷികളോടും കൃത്യമായി ഇടപെടാൻ സാധിക്കേണ്ടതുണ്ട്.

## ചിന്തിക്കേണ്ട ചില കാര്യങ്ങൾ!

വോട്ട് രേഖപ്പെടുത്തുന്നതിന് മുമ്പ് തന്റെ ചുറ്റിലും നടക്കുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ കാര്യങ്ങളെ പറ്റിയുള്ള പ്രസക്തമായ വിവരങ്ങൾ അന്വേഷിച്ചറിയുവാൻ വോട്ടർമാർക്ക് എന്തെങ്കിലും തരത്തിലുള്ള പ്രചോദനമോ പ്രേരണകളോ  സർക്കാരുകളോ രാഷ്ട്രീയ പാർട്ടികളോ നൽകുന്നുണ്ടോ?

നിലവിൽ നൽകപ്പെടുന്ന പ്രചോദനങ്ങൾ മതിയായവയാണോ? അതായത്, ഓരോ സ്ഥാനാർത്ഥിയെ പറ്റിയും അവർ മുന്നോട്ട് വെക്കുന്ന വാഗ്ദാനങ്ങളെ പറ്റിയും സമഗ്രമായി പരിശോധിക്കുവാൻ ഈ പ്രചോദനങ്ങൾ വോട്ടർമാരെ പ്രാപ്തരാക്കുന്നുണ്ടോ? എല്ലാ വോട്ടർമാരും ഇങ്ങനെ പരിശോധനകൾ നടത്തിയ ശേഷമാണോ വോട്ടു ചെയ്യുന്നത്? അല്ലാത്തപക്ഷം, ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ പോലും ജനങ്ങൾക്ക് സർക്കാരുകളെ എത്രത്തോളം ആശ്രയിക്കാനും വിശ്വസിക്കുവാനും സാധിക്കും?

# സ്വത്തവകാശം*

ഒരു മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ ഏറ്റവും അടിസ്ഥാനപരവും എന്നാൽ അത്രതന്നെ തെറ്റിദ്ധരിക്കപ്പെട്ടതുമായ ആവശ്യകതകളിൽ ഒന്നാണ് സ്വത്തവകാശത്തിനായി രൂപകൽപന ചെയ്ത ശക്തമായ ഒരു ഘടന. ദശകങ്ങളായി അമേരിക്കയിലും, മറ്റു പാശ്ചാത്യനാടുകളിലുമുള്ള സാമൂഹ്യ നിരൂപകർ 'സ്വത്തവകാശങ്ങൾക്ക്' മിക്കപ്പോഴും 'മനുഷ്യാവകാശ'ത്തിനു മേൽ മുൻഗണനയുണ്ടെന്ന് പരാതിപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി ജനങ്ങൾക്കിടയിൽ അസമത്വം രൂപപ്പെടുകയും തുല്യമല്ലാതെയുള്ള  അവസരങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അസമത്വം എന്നത് പക്ഷെ ഏതൊരു സമൂഹത്തിന്റെയും ഭാഗമാണ്. എന്നാൽ സ്വത്തവകാശവും മനുഷ്യാവകാശവും തമ്മിലുള്ള പ്രസ്താവിതമായ വൈരുധ്യം ഒരു മരീചികയാണ്, കാരണം സ്വത്തവകാശം എന്നത് ആത്യന്തികമായി മനുഷ്യാവകാശം തന്നെയാണ്.

സ്വത്തവകാശത്തിന്റെ നിർവചനവും സംരക്ഷണവും നീക്കി വയ്ക്കലുമെല്ലാം ഏതൊരു സമൂഹവും ഏറ്റെടുക്കേണ്ടതായിട്ടുള്ള ഏറ്റവും സങ്കീർണവും കഠിനവുമായ പ്രശ്നങ്ങളാണ്. എന്നാലിവ ഏതെങ്കിലും തരത്തിൽ പരിഹരിച്ചേ മതിയാവു. സ്വത്തവകാശങ്ങളുടെ ഭൂരിഭാഗം നിരൂപകർക്കും സാമൂഹ്യ വിമർശകർക്കും ഈ അവകാശങ്ങളെ പൂർണ്ണമായും ഇല്ലാതാക്കാൻ ആഗ്രഹമില്ല. പകരം ഇത്തരം അവകാശങ്ങളെ സ്വകാര്യ ഉടമസ്ഥതയിൽ നിന്ന് മാറ്റി സർക്കാർ ഉടമസ്ഥതയിലേക്ക് നൽകണമെന്നാണ് അവരുടെ പക്ഷം. പൊതു ഉടമസ്ഥതയിലേക്കുള്ള (അല്ലെങ്കിൽ നിയന്ത്രണത്തിലേക്കുള്ള) കൈമാറ്റങ്ങൾ വഴി ഒരു സാമ്പത്തിക വ്യവസ്ഥ കൂടുതൽ ശക്തവും ഫലപ്രദവുമാകുന്നു. മറ്റുചില കൈമാറ്റങ്ങൾ ഒരുപക്ഷെ ഫലപ്രദമാവണമെന്നില്ല. ഇതിനേക്കാളെല്ലാം വലിയ വിപത്താണ് സ്വത്തവകാശം റദ്ദാക്കുന്നത് വഴി ഉണ്ടാവുന്നതെന്ന് മുൻ അനുഭവങ്ങൾ നമുക്ക് മനസിലാക്കി തരുന്നു. (ട്രാജഡി ഓഫ് കോമൺസ് നോക്കുക).

ഉടമസ്ഥത സർക്കാരിന്റെയായാലും സ്വകാര്യ വ്യക്തികളുടേതായാലും സ്വത്തവകാശമെന്നത് ഒരു വിഭവം എങ്ങനെ ഉപയോഗിക്കണമെന്നതിനെ സംബന്ധിച്ച കാര്യങ്ങൾ നിർണ്ണയിക്കാനുള്ള അധികാരമാണ്. സ്വത്തവകാശത്തിന്റെ ഉടമസ്ഥൻ തിരഞ്ഞെടുത്ത

---

3. *അർമെൻ എ ആൽകിയാൻ ലോസ് ആഞ്ചലസിലെ കാലിഫോർണിയ സർവകലാശാലയിലെ എക്കണോമിക്സ് വിഭാഗത്തിലെ എമറിറ്റസ് പ്രൊഫസ്സറാണ്.*

ഉപയോഗങ്ങൾക്ക് സമൂഹം നിയമാനുസൃതമായും സാമൂഹിക ബഹിഷ്ക്കരണങ്ങളും ഭ്രഷ്ടുകളും വഴി അംഗീകാരം നൽകുന്നു. വിഭവം സർക്കാരിന്റെ ഉടമസ്ഥതയിലാണെങ്കിൽ, അതിന്റെ ഉപയോഗം നിർണ്ണയിക്കുന്ന ഉദ്യോഗസ്ഥൻ നേരത്തെ നിശ്ചയിച്ചിട്ടുള്ള ഒരുപറ്റം നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതായുണ്ട്. അമേരിക്കയിലാണെങ്കിൽ ഇതിന്റെ ഉത്തരവാദിത്തം സ്റ്റേറ്റ് കോൺഗ്രസിനോ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഏജൻസികൾക്കോ ആയിരിക്കും ഏൽപ്പിച്ചിരിക്കുന്നത്.

സ്വകാര്യ സ്വത്തുക്കൾക്ക് അവയുടെ ഉപയോഗം നിശ്ചയിക്കുന്നതിനു പുറമെ മറ്റ് രണ്ട് സ്വഭാവഗുണങ്ങൾ കൂടിയുണ്ട്. വിഭവങ്ങളെ നേരിട്ട് സേവിക്കാനുള്ള പ്രത്യേക അവകാശമാണിതിലൊന്ന്. ഉദാഹരണത്തിന്, ഒരു കെട്ടിടത്തിന്റെ പൂർണ്ണ സ്വത്തവകാശമുള്ള ഉടമസ്ഥന് കെട്ടിടം വാടകയ്ക്ക് നൽകണോ അതോ സ്വയം താമസിക്കാൻ ഉപയോഗിക്കണോ തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാനുള്ള എല്ലാ അവകാശങ്ങളുമുണ്ട്. ഇനി അഥവാ വാടകയ്ക്ക് നൽകുന്നെങ്കിൽ, ആർക്ക് നൽകണം, എത്ര വാടക ഈടാക്കണം എന്ന കാര്യങ്ങളും ഉടമസ്ഥന് തീരുമാനിക്കാം. മേൽപറഞ്ഞതാണ് വസ്തുവിന്റെ ഉപയോഗം നിർണ്ണയിക്കാനുള്ള സ്വത്തവകാശം. ഉടമസ്ഥൻ കെട്ടിടം വാടകയ്ക്ക് നൽകുകയാണെങ്കിൽ, വസ്തുവിൽ നിന്നുമുള്ള എല്ലാ വാടക വരുമാനത്തിനും അയാൾക്ക് അവകാശമുണ്ട്. ഇത് വിഭവങ്ങളുടെ സേവനത്തിനുള്ള അവകാശം അഥവാ വാടകാവകാശമാണ്.

അവസാനമായി ഒരു സ്വകാര്യ സ്വത്തിന്റെ ഉടമസ്ഥന് തന്റെ വസ്തുവിന്റെ അധികാരം മറ്റൊരാളെ ഏല്പിക്കാനും വാടകയ്ക്ക് നൽകാനും വസ്തുവിന്റെ ഒരു ഭാഗത്തിന്റെ അവകാശം മറ്റൊരാൾക്ക് പണത്തിനോ മറ്റു പ്രതിഫലങ്ങൾക്കോ പകരമായി കൈമാറ്റം ചെയ്യുവാനുമെല്ലാം ഉള്ള അവകാശങ്ങളുണ്ട്.

എനിക്ക് ഒരാളിൽ നിന്നും ചില അവകാശങ്ങൾ വാങ്ങാൻ അനുവാദമില്ലെങ്കിൽ, തിരിച്ചു അയാൾക്ക് അവകാശങ്ങൾ വിൽക്കാനും അനുവദമുണ്ടാകുന്നില്ലെങ്കിൽ അതുവഴി സ്വകാര്യ സ്വത്തവകാശങ്ങൾ ഗണ്യമായി കുറയുന്നു.

അതിനാൽ സ്വകാര്യ സ്വത്തിന്റെ മൂന്ന് അടിസ്ഥാന ഘടകങ്ങളെന്നത് ഇവയാണ്:

(1) ഒരു വിഭവത്തിന്റെ ഉപയോഗം തെരഞ്ഞെടുക്കാനുള്ള അവകാശം

(2) ഒരു വിഭവത്തിന്റെ സേവനങ്ങൾക്കും പരിപാലനത്തിനും നൽകുന്ന പ്രാധാന്യം

(3) പരസ്പരധാരണയിൽ വസ്തുക്കളും വിഭവങ്ങളും കൈമാറാനുള്ള അവകാശം.

വസ്തുവകകളുടെ മേൽപറഞ്ഞ മൂന്നാമത്തെ വശത്തെക്കുറിച്ച് ധാരണയെടുക്കുന്നതിൽ അമേരിക്കൻ സുപ്രീംകോടതി ചാഞ്ചാട്ടം കാണിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെയും മറ്റും സമീപകാല തീരുമാനങ്ങളെ യുക്തിസഹമാക്കുന്നതിന് ജഡ്ജിമാർ എത്രതന്നെ ശ്രമിച്ചാലും വിലനിയന്ത്രണങ്ങളുടെ അപര്യാപ്തതയും പരസ്പര ധാരണയോടു കൂടിയുള്ള വസ്തുക്കളുടെ വാങ്ങൽ-വിൽക്കലുകൾക്ക് മുകളിലുള്ള നിയന്ത്രണങ്ങളുമെല്ലാം തീർച്ചയായും സ്വകാര്യ സ്വത്തവകാശങ്ങൾക്ക് കോട്ടം ഏല്പിക്കുന്നുണ്ട്.

വസ്തുവകകളുടെ അവകാശങ്ങൾക്കുമേലുള്ള ഇത്തരം നിയന്ത്രണങ്ങൾ സമൂഹത്തിന് ദോഷകരമാണെന്നാണ് ഞാനടങ്ങുന്ന നിരവധി സാമ്പത്തിക വിദഗ്ദ്ധർ വിശ്വസിക്കുന്നത്. ഇങ്ങനെ ധരിക്കാനുള്ള ചില കാരണങ്ങൾ ഇവയാണ്:

സ്വകാര്യ സ്വത്ത് സമ്പ്രദായമനുസരിച്ച് ഒരു സ്വത്തിന്റെ വിപണി മൂല്യങ്ങൾ സമൂഹത്തിന്റെ (ജനങ്ങളുടെ) ആവശ്യങ്ങളും മുൻഗണനകളും പ്രതിഫലിപ്പിക്കുന്നതായിരിക്കും. ഉടമസ്ഥൻ ആരുതന്നെയായാലും, ഉപഭോക്താക്കളായ ജനങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ടതെന്ന് തോന്നുന്ന ഉപയോഗമാണ് വിഭവങ്ങളുടെ ഉപയോഗം നിശ്ചയിക്കുന്നതിനെ സ്വാധീനിക്കുന്നത്. കാരണം, മറ്റേതെങ്കിലും ഉപയോഗം തിരഞ്ഞെടുക്കുന്ന ഒരു ഉടമയ്ക്ക് ജനങ്ങൾ ഏറ്റവും പ്രാധാന്യം നൽകുന്ന ഉപയോഗം വേണ്ടെന്ന് വെക്കുന്നത് വഴി ഉണ്ടാവുന്ന സാമ്പത്തിക നഷ്ടങ്ങൾ സഹിക്കേണ്ടി വരും. ഇത് സൃഷ്ടിക്കുന്ന വിരോധാഭാസം രസകരമാണ്. വസ്തുവകകൾ 'സ്വകാര്യമെന്ന്' മുദ്രകുത്തപ്പെടുമ്പോഴും അവർ കൈക്കൊള്ളുന്ന സ്വകാര്യ തീരുമാനങ്ങൾ എന്നത് ആത്യന്തികമായി  പൊതുജനത്തിനെയോ അല്ലെങ്കിൽ സാമൂഹ്യ വിലയിരുത്തലുകളെയോ ആശ്രയിച്ചിരിക്കുന്നു.

സ്വത്തവകാശങ്ങളുടെ അടിസ്ഥാനപരമായ ഉദ്ദേശ്യവും നേട്ടവുമായി കണക്കാക്കുന്നത് സാമ്പത്തിക വിഭവങ്ങളെ നിയന്ത്രിക്കുന്നതിന് വേണ്ടി ചിലർ തമ്മിൽ നടക്കുന്ന ദുർവാശിനിറഞ്ഞ മത്സരം ഇല്ലാതാക്കലാണ്. കൃത്യമായി നിർവചിക്കുകയും സംരക്ഷിക്കുകയും ചെയ്യപ്പെട്ടിട്ടുള്ള സ്വത്തവകാശങ്ങൾ ആക്രമോത്സുകത നിറഞ്ഞ മത്സരങ്ങൾക്ക് പകരം സമാധാനപരമായ മാർഗ്ഗങ്ങളിലൂടെയുള്ള ആരോഗ്യപരമായ  മത്സരങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

സ്വകാര്യ സ്വത്തവകാശങ്ങളുടെ വ്യാപ്തിയും അളവും വസ്തുക്കൾക്ക് മേലുള്ള നിയന്ത്രണത്തിനായി ആൾക്കാർ മത്സരിക്കുന്ന രീതികളെ അടിസ്ഥാനപരമായി സ്വാധീനിക്കുന്നു. കൂടുതൽ സമ്പൂർണ്ണ സ്വകാര്യ അവകാശങ്ങളുടെ വരവോടെ വിപണിയിലെ വിനിമയ മൂല്യങ്ങൾ കൂടുതൽ സ്വാധീനിക്കപ്പെടുന്നു.  വിപണിയിലെ മൂല്യം ക്രമീകരിക്കുന്നത് വഴി അവയുടെ സ്വാധീനം തട്ടിക്കിഴിക്കാവുന്നതിനാൽ ഇത്തരം മത്സരങ്ങളിൽ ഏർപ്പെടുന്ന ആളുകളുടെ വ്യക്തി

പരമായ നിലയും ഗുണങ്ങൾക്കുമൊന്നും കാര്യമായ പ്രസക്തിയില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ കൂടുതൽ സമ്പൂർണ്ണമായ സ്വത്തവകാശം വഴി വിവേചനപരമായ പെരുമാറ്റം കൂടുതൽ വിലമതിക്കുന്നതാകുന്നു.

വെള്ളക്കാരനായ ഉടമസ്ഥന്റെ കെട്ടിടത്തിൽ വാടകയ്ക്ക് താമസിക്കാൻ ആഗ്രഹിക്കുന്ന കറുത്ത വർഗ്ഗത്തിൽപെട്ട സ്ത്രീയുടെ അവസ്ഥ ആലോചിക്കുക. കെട്ടിടത്തിന്റെ ഉടമസ്ഥന് ഇഷ്ടമുള്ള രീതിയിൽ വാടക നിശ്ചയിക്കുവാൻ അവകാശമുണ്ടെങ്കിൽ അവർക്ക് വാടകയ്ക്ക് താമസിക്കുവാൻ കഴിയും. ഒരുപക്ഷെ ഉടമസ്ഥൻ വെള്ളക്കാരനായ വാടകക്കാരനെയാണ് ഇഷ്ടപ്പെടുന്നതെങ്കിൽ പോലും ഈ വനിതയ്ക്ക് ഉയർന്ന വാടക വാഗ്ദാനം ചെയ്യുന്നത് വഴി സാഹചര്യം അവരുടെ അനുകൂലമാക്കുവാൻ സാധിക്കും. കൂടുതൽ വാടക നൽകാമെന്ന അവരുടെ വാഗ്ദാനം വേണ്ടെന്ന് വെച്ച് കുറഞ്ഞ വാടകയിൽ വെള്ളക്കാരനെതന്നെ വാടകയ്ക്ക് എടുക്കുന്ന ഉടമസ്ഥന് അയാളുടെ വർണ്ണവിവേചനത്തിന്റെ വില വാടകയിൽ ഉള്ള നഷ്ടത്തിന്റെ രൂപത്തിൽ നൽകേണ്ടിവരും.

എന്നാൽ ഒരുപക്ഷെ ഈടാക്കാവുന്ന വാടകയ്ക്ക് മുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് വഴി വാടക തുക സ്വതന്ത്രവിപണിയുടെ നിലവാരത്തിനു താഴെയുള്ള നിലയിലേക്ക് എത്തുകയാണെങ്കിൽ നേരത്തെ പരാമർശിച്ച വെള്ളക്കാരനായ കെട്ടിട ഉടമസ്ഥൻ വിവേചനത്തിന് നൽകേണ്ടി വരുന്ന വില കേവലം പൂജ്യമായിരിക്കും.

വാടക നിയന്ത്രണം വഴി കെട്ടിടങ്ങൾക്കുള്ള ആവശ്യക്കാർ ഗണ്യമായൊന്നും കുറയാറില്ല. പകരം, ഉടമസ്ഥന് കൂടുതൽ പണം വാഗ്ദാനം ചെയ്ത് ഇഷ്ടപ്പെട്ട കെട്ടിടങ്ങൾ സ്വന്തമാക്കാനുള്ള വാടകതാമസക്കാരുടെ തന്ത്രങ്ങൾക്ക് ഇത് കോട്ടമേൽപ്പിക്കുന്നു. പണമായി കൂടുതലൊന്നും ലഭിക്കുവാൻ നിയന്ത്രണങ്ങൾ അനുവദിക്കാത്തതിനാൽ ഉടമസ്ഥർ അടുത്ത പടിയായി തനിക്ക് ഇഷ്ടപെട്ട തരത്തിലുള്ള ഗുണങ്ങളുള്ള വാടകക്കാർക്ക് മുൻഗണന നൽകും. പ്രായം, ലൈംഗികത, വംശീയത, മതം തുടങ്ങി എന്തും ആവാം മാനദണ്ഡങ്ങൾ. ഈ അവസ്ഥയിൽ നേരത്തെ സംസാരിച്ച കറുത്ത വർഗ്ഗത്തിൽപെട്ട സ്ത്രീക്ക് കൂടുതൽ വാടക വാഗ്ദാനം ചെയ്തു വംശീയവാദിയായ ഒരു വെള്ളക്കാരനിൽ നിന്നും കെട്ടിടം വാടകയ്ക്ക് വാങ്ങിക്കുവാൻ പറ്റിയെന്ന് വരില്ല.

വാടകയ്ക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കാരണമൊരിക്കലും കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള പിടിവലികൾക്ക് കുറവ് സംഭവിക്കില്ല. പിടിവലികളുടെയും മത്സരത്തിന്റെയും രീതികൾക്ക് മാത്രമേ മാറ്റം വരികയുള്ളു. സ്വകാര്യ സ്വത്തവകാശത്തിനു മേലുള്ള നിയന്ത്രണം കാരണം ചരക്കുകളെയും സേവനങ്ങളെയും അടിസ്ഥാനമാക്കി

യുള്ള സാമ്പത്തിക വിനിമയങ്ങളുടെ മത്സരം കുറയുകയും വ്യക്തിഗത സ്വഭാവസവിശേഷതകളെ അടിസ്ഥാനപ്പെടുത്തിയുള്ള മത്സരങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. സാധാരണയായി, സ്വകാര്യ സ്വത്തവകാശങ്ങളെ ദുർബലപ്പെടുത്തുന്നത് വഴി വിൽപനക്കാർക്കിടയിൽ ഉപഭോക്താക്കളോടും ഉപഭോക്താക്കൾക്ക് വില്പനക്കാരോടും വിവേചനം പ്രകടകമാക്കത്തക്ക രീതിയിൽ അവരുടെ വ്യക്തിഗത സ്വഭാവസവിശേഷതകളുടെ പങ്ക് വർദ്ധിക്കുന്നതായി കാണാം.

ദുർബലമായ സ്വകാര്യ സ്വത്തവകാശങ്ങളിലെ രണ്ട് തലങ്ങൾ എന്നത് സോഷ്യലിസവും പൊതു ഉടമസ്ഥതയിലുള്ള വിഭവങ്ങളുമാണ്. സോഷ്യലിസത്തിന് കീഴിൽ ഗവൺമെൻറ് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ വിഭവങ്ങൾക്കുമേൽ നിയന്ത്രണം ചെലുത്തും. അവർ നിയന്ത്രിക്കുന്ന വസ്തുവിനെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കാനുള്ള ഉദ്യോഗസ്ഥരുടെ അവകാശങ്ങൾ വളരെ നിയന്ത്രിതമാണ്. വിഭവങ്ങളുടെ അവകാശങ്ങൾ വാങ്ങുന്നതിലൂടെ കൂടുതൽ വിലയേറിയ ഉപയോഗത്തിന് വിഭവങ്ങളെ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നവർ പരാജയപ്പെടുന്നു. കാരണം അവകാശങ്ങൾ എത്ര വില നൽകാമെന്ന് പറഞ്ഞാലും വിൽപനയ്ക്ക് ഉള്ളതല്ല. സോഷ്യലിസ്റ്റ് മാനേജർമാർക്ക് അവർ കൈകാര്യം ചെയ്യുന്ന വിഭവങ്ങളുടെ മൂല്യങ്ങളുടെ വർദ്ധനവോ ഇടിവോ യാതൊരുവിധത്തിലും ബാധിക്കാത്തതിനാൽ തന്നെ വിപണികൾ മുന്നോട്ടുവെക്കുന്ന മൂല്യങ്ങളിലോ വിലയിലോ വരുന്ന മാറ്റങ്ങൾക്ക് ചെവികൊടുക്കാൻ അവർക്ക് യാതൊരു പ്രോത്സാഹനവുമുണ്ടാവാറില്ല. അതിനാൽ വിഭവങ്ങളുടെ ഉപയോഗങ്ങളെ വാസ്തവത്തിൽ അവയെ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥരുടെ വ്യക്തിഗത സവിശേഷതകളും ഗുണങ്ങളും സ്വാധീനിക്കുന്നു. ഉദാഹരണത്തിന് ഒരു കൂട്ടകൃഷിയിടത്തിന്റെ മാനേജരുടെ കാര്യം പരിഗണിക്കുക. ഒരാഴ്ച അടുപ്പിച്ചു രാത്രി ജോലി ചെയ്യുന്നത് വഴി  അദ്ദേഹത്തിന് ഫാമിൽ ഒരു മില്യൺ രൂപ അധിക ലാഭമുണ്ടാക്കാം. വിളവെടുത്ത ധാന്യങ്ങൾ കേടു സംഭവിക്കുന്നതിന് മുൻപായി  ലോറികളിൽ കയറ്റി ദൂരദേശത്തുള്ള പട്ടണങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി രാത്രികളിൽ അധികം ജോലി ചെയ്യുമ്പോഴാണ് ഈ ലാഭമുണ്ടാവുന്നത്. എന്നാൽ മാനേജർക്കോ  അല്ലെങ്കിൽ ഫാമിൽ ജോലി ചെയ്യുന്നവർക്കോ ഈ അധിക ലാഭത്തിന്റെ ഒരു വിഹിതം പോലും പ്രോത്സാഹനമായി വേതനത്തിന്റെ കൂടെ നൽകാതെ വരുന്ന പക്ഷം ഒരു മുതലാളിത്ത സ്വഭാവമുള്ള ഫാമിലെ മാനേജർ ചെയ്യുന്നതിനേക്കാൾ നേരത്തേ തന്നെ ഈ മാനേജർ ജോലി സമയം കഴിഞ്ഞയുടൻ അധിക ജോലികൾ ചെയ്യാതെ വീട്ടിൽ പോകാനും അതുവഴി ധാന്യങ്ങൾക്ക് കേടുപറ്റാനും ഫാമിന് നഷ്ടം സംഭവിക്കാനും സാധ്യതയുണ്ട്.

സമാനമായി, വിഭവങ്ങളുടെ പൊതു ഉടമസ്ഥത, അത് പഴയ സോവിയറ്റ് യൂണിയനോ അതോ അമേരിക്കയോ ആയിക്കോട്ടെ, ആർക്കും

തന്നെ വിഭവങ്ങളെ പരിപാലിക്കുവാനും സംരക്ഷിക്കുവാനുമുള്ള ശക്തമായ പ്രചോദനം നൽകുന്നില്ല. ഉദാഹരണമായി, ആർക്കും തന്നെ ഉടമസ്ഥതയില്ലാത്ത ഒരു മത്സ്യബന്ധനവ്യവസായം അധിക മായി മത്സ്യബന്ധനം നടത്തിയേക്കാം. കാരണം തന്റെ വലയിൽ കുടുങ്ങിയ ഒരു ചെറു മത്സ്യത്തെ തിരിച്ചു വെള്ളത്തിലേക്ക് തന്നെ വിട്ട് അത് വളർന്നു പാകമാവുന്നത് വരെ കാത്തിരിക്കുന്ന ഒരു ചെറുകിട മത്സ്യ തൊഴിലാളിക്ക് യാതൊരുവിധ നേട്ടവുമുണ്ടാവാൻ സാധ്യതയില്ല. പകരം മറ്റു മത്സ്യത്തൊഴിലാളികൾ അത്തരം മീനുകളെ പിടികൂടിയേക്കാം. എരുമക്കൂട്ടങ്ങളോ മണ്ണിനടിയിലുള്ള എണ്ണഖനികളോ അല്ലെങ്കിൽ ശുദ്ധവായുവോ എന്ത് തന്നെ ആയാലും എല്ലാ പൊതുവിഭവങ്ങൾക്കും മേൽപറഞ്ഞ കാര്യം ബാധകമാണ്. ഇത്തരം വിഭവങ്ങളെല്ലാം അമിതമായി ഉപയോഗിക്കപ്പെടും.

സോവിയറ്റ് യൂണിയനിൽ നടന്ന സമീപകാല സാമ്പത്തിക പരിഷ് കാരങ്ങളുടെ അസാധാരണമായ പരാജയത്തിന്റെ പ്രധാന കാരണം മൂലധനവും വിഭവങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിൽ നിന്നും നിർബന്ധിതമായി മാറ്റി പൊതു ഉടമസ്ഥതയ്ക്ക് വിട്ടു നൽകിയത് തന്നെയാണ്. സോവിയറ്റ് സർക്കാരിന്റെ വരുമാനങ്ങളെല്ലാം നിർബന്ധിതമായി പൊതുസ്വത്താക്കി മാറ്റുന്നതിലൂടെയാണ് ഇത് യാഥാർഥ്യമാക്കിയത്. സോവിയറ്റ് സർക്കാരിന്റെ ഉപദേഷ്ടാവായ ഹാർവാർഡ് സാമ്പത്തിക വിദഗ്ധൻ ജെഫ്രി സാച്ച്സ് രാജ്യത്തെ സോഷ്യലിസ്റ്റ് മാനേജർമാർക്ക് സർക്കാരിന്റെ വ്യവസായങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ ഇരിക്കെ തന്നെ അവരുടെ സ്വന്തം കച്ചവട ങ്ങൾ തുറക്കാനുള്ള അനുമതി നൽകാനുള്ള സർക്കാർ തീരുമാന ത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നു. സർക്കാർ വ്യവസായ ങ്ങളുടെ ലാഭം അവർ തങ്ങളുടെ സ്വകാര്യ കോർപ്പറേഷനുകളിലേക്ക് തിരിച്ചു വിട്ടിരുന്നു. ഇത്തരം പ്രവർത്തിയിൽ ഏർപ്പെട്ട ആയിര ക്കണക്കിന് മാനേജർമാർ സോവിയറ്റ് സർക്കാരിന് വലിയ ബജറ്റ് കമ്മി ഉണ്ടാക്കിക്കൊടുത്തു. സോവിയറ്റ് സർക്കാരിന്റെ വരുമാനം സംരക്ഷിക്കുന്നത് വഴി മാനേജർമാർക്ക് സാമ്പത്തികപരമായ പ്രോത്സാഹനങ്ങളുണ്ടായിരുന്നില്ല. അതുപോലെ തെറ്റായി ക്രമീകരിക്കപ്പെട്ട അമേരിക്കൻ നിക്ഷേപ ഇൻഷുറൻസിന്റെ പ്രീമിയ ങ്ങൾ ബാങ്കുകൾക്കും മറ്റും അങ്ങേയറ്റം ആപൽക്കരമായ വായ്പ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും നിക്ഷേപ ഇൻഷുറൻസ് ഫണ്ടിനെ ഒരു 'പൊതുവായ' വിഭവമായി കണക്കാക്കുന്നതിനുള്ള പ്രചോദനം നൽകുന്നതായി കാണാം.

ഒരു വിഭവത്തിന്റെ സ്വകാര്യസ്വത്തവകാശങ്ങൾ ഒരു വ്യക്തിയിൽ മാത്രമായി ഒതുങ്ങി നിൽക്കേണ്ടതില്ല. അവ പങ്കുവയ്ക്കാൻ കഴിയുന്ന വയാണ്. വിപണിമൂല്യത്തിന്റെ ഒരു നിശ്ചിത ഭാഗം വിവിധ വ്യക്തി കൾക്കായി പങ്കുവെച്ചു നൽകാവുന്നതാണ്. അതേസമയം, വസ്തു ക്കളുടെ ഉപയോഗങ്ങൾ നിശ്ചയിക്കുന്ന ഘട്ടത്തിൽ പങ്കുവെക്കൽ

സംഘത്തിന് അഭികാമ്യമാണെന്നു കരുതുന്ന ഏതു നടപടിക്രമവും അവർക്ക് പരിഗണിക്കാം. അത്തരം പങ്കുവെക്കപ്പെടാവുന്ന സ്വത്ത വകാശങ്ങൾക്ക് ഒരു പ്രധാന ഉദാഹരണമാണ് കോർപ്പറേഷനുകൾ. ഒരു ലിമിറ്റഡ് ലയബിലിറ്റി കോർപ്പറേഷനിൽ, ഓഹരികൾ നേരത്തെ നിർണ്ണയിക്കപ്പെടുകയും കോർപ്പറേഷനുകളുടെ വിഭവങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം അതിന്റെ മാനേജ്മെന്റിന് കൈമാറപ്പെടുകയും ചെയ്യുന്നു. ഓരോ ഓഹരി ഉടമക്കും അവരുടെ ഓഹരി വിൽക്കാൻ അനിയന്ത്രിതമായ അവകാശമുണ്ട്. മറ്റ് ഓഹരിയുടമകളുടെ ബാധ്യതകളിൽ നിന്ന് ഓരോ ഓഹരി ഉടമയുടെ സ്വത്തും സംരക്ഷിപ്പെട്ടിരിക്കുന്നു. അതുവഴി ഓഹരികളുടെ രഹസ്യമായ വിൽപ്പനകളും വാങ്ങലുകളും സാധ്യമാകുന്നു.

മറ്റു തരത്തിലുള്ള സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച്, ഓരോ അംഗ ത്തിന്റെയും സ്വത്ത് മറ്റംഗങ്ങളുടെ പെരുമാറ്റത്തിൽ ആശ്രയിക്കുന്ന സ്ഥാപനങ്ങളിൽ, നിലവിലുള്ള അംഗങ്ങൾ ഉപഭോക്താവിന് അംഗീ കാരം നൽകിയാൽ മാത്രമേ സ്വത്തവകാശങ്ങൾ വിൽക്കാൻ ശ്രമിക്കു വാനാകു. കൂട്ടായ്മയായുള്ള സംരംഭങ്ങളിലും പങ്കാളിത്ത സംരംഭ ങ്ങളിലും (കൂട്ടുകച്ചവടങ്ങളിലും) മറ്റും ഇത് സാധാരണമാണ്.

തികച്ചും പൂർണതയുള്ള സ്വത്തവകാശങ്ങൾക്ക് പൂർണ്ണമല്ലാത്ത അവകാശങ്ങൾക്ക് മേൽ മുൻഗണന ലഭിക്കുമ്പോൾ തന്നെ മനസ്സിലാ ക്കേണ്ട മറ്റൊരു കാര്യം ഏതൊരു സ്വത്തവകാശ സംവിധാനവും സങ്കീർണ്ണമായ പല പ്രശ്നങ്ങളും അടങ്ങിയതാണെന്നും അതിൽ പല പ്രശ്നങ്ങളും പരിഹരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നുമാണ്. ഉദാഹ രണത്തിന് എന്റെ ഉടമസ്ഥതയിലുള്ള ഒരു ഫാക്ടറിയിൽ നിന്നും നിങ്ങളുടെ പ്രദേശത്ത് വിഷപ്പുകയും ദുർഗന്ധവും മറ്റ് മാരകമായ തരത്തിലുള്ള മലിനീകരണവും പുറപ്പെടുവിക്കുന്നുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ അനുമതിയില്ലാതെ നിങ്ങളുടെ പ്രദേശം ഉപയോഗി ക്കുന്നുണ്ടെന്ന് പറയാൻ സാധിക്കുമോ? ഉത്തരം പറയാൻ ബുദ്ധി മുട്ടുള്ള ചോദ്യമാണിത്!

നിങ്ങളുടെ പ്രദേശത്തെ വായു മലിനമാക്കുവാൻ വേണ്ട അനു മതികൾക്കായി നിങ്ങൾക്ക് ഒരു തുക പണമായി നൽകാമെന്ന് കരുതി യാൽ അത്തരത്തിൽ നിങ്ങളുടെ പ്രദേശത്തിന് മേൽ സ്വകാര്യ സ്വത്ത വകാശം സ്ഥാപിക്കാനുള്ള ചെലവ് വളരെ അധികമായിരി ക്കും. വായു, ഭൂഗർഭ ജലം, കൂടാതെ വൈദ്യുതകാന്തിക വികിരണ ങ്ങൾ എന്നിവ നിരീക്ഷിക്കാനും നിയന്ത്രിക്കാനും അതിയായ സാമ്പത്തിക ചെലവുണ്ട്. അതുകൊണ്ട് ഒരു വ്യക്തിക്ക് ഒരു പ്രദേശ ത്തെ വായുവിന്റെയും മറ്റും ഗുണനിലവാരത്തിന്റെയും അവസ്ഥയുടെയും മുകളിൽ സ്വത്തവകാശം ഫലപ്രദമായി ലഭിക്കുന്നില്ല.

നിങ്ങളുടെ വിഭവങ്ങളുടെ ഉപയോഗങ്ങളെ ഫലപ്രദമായും സാമിതവ്യയമായും നിരീക്ഷിക്കാനും സംരക്ഷിക്കാനുമുള്ള കഴിവില്ലായ്മ സൂചിപ്പിക്കുന്നത് നിങ്ങളുടെ 'ഭൂമി'യുടെ മുകളിൽ 'നിങ്ങൾക്കുള്ള' സ്വത്തവകാശം ഫർണിച്ചർ, ഷൂസ്, അല്ലെങ്കിൽ വാഹനങ്ങൾ പോലെയുള്ള നിങ്ങളുടെ മറ്റേതെങ്കിലും വസ്തുക്കളുടെ മുകളിലുള്ള അവകാശങ്ങളെ അപേക്ഷിച്ചു ദുർബ്ബലവും അസ്പഷ്ടവുമാണെന്നാണ്.

സ്വകാര്യ സ്വത്തവകാശം ലഭ്യമാകാതെ വരികയോ അവ സ്ഥാപിച്ചെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും മറ്റും സാമ്പത്തിക ചെലവ് ഏറിവരികയോ ചെയ്യുമ്പോൾ പകരമായി മറ്റ് നിയന്ത്രണ സംവിധാനങ്ങൾ ഉണ്ടാക്കപ്പെടുന്നു. സർക്കാറിനെ പ്രതിനിധീകരിക്കുന്ന സർക്കാർ ഏജന്റുമാർ അത്തരമൊരു സംവിധാനത്തിന്റെ ഉദാഹരണമാണ്. തന്മൂലമാണ് പരിസ്ഥിതി നിയമങ്ങളും മറ്റും ഉണ്ടാക്കപ്പെട്ടത്.

സാഹചര്യങ്ങൾക്കനുസരിച്ച് ചില നടപടികൾ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റങ്ങളായും അതിക്രമമായും നിയമലംഘനമായും കണക്കാക്കപ്പെടാം. ഒരു തടാകത്തിൽ പെട്ടെന്ന് കടുത്ത കൊടുങ്കാറ്റ് ഉണ്ടായ സമയത്ത് ഞാൻ എന്റെ തോണിയുമായി നിങ്ങളുടെ ഉടമസ്ഥതയിലുള്ള കടവത്ത് അഭയം തേടുകയാണെങ്കിൽ ഞാൻ നിങ്ങളുടെ 'സ്വത്തവകാശം' ലംഘിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ഞാൻ നിങ്ങളുടെ കടവത്ത് കയറുന്നത് തടയുന്നതിനുള്ള അവകാശം നിങ്ങളുടെ സ്വത്തവകാശങ്ങളിൽ ഉൾപ്പെട്ടിട്ടില്ലേ? സാഹചര്യങ്ങളുടെ സങ്കീർണ്ണതയും വൈവിധ്യവും കാരണം ഒരു വ്യക്തിക്ക് വിവിധ വസ്തുക്കളുടെ മേലുള്ള സ്വത്തവകാശങ്ങൾ നിർവ്വചിക്കുകയെന്ന കാര്യം അസാദ്ധ്യമാക്കുന്നു.

അതുപോലെ തന്നെ ഏതൊക്കെ വിഭവങ്ങളുടെ കൂട്ടങ്ങൾക്കാണ് സ്വത്തവകാശം ബാധകമായിട്ടുള്ളതെന്ന് കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടില്ല. ഉദാഹരണമായി, ആശയങ്ങളും, ഈണങ്ങളും, നടപടിക്രമങ്ങളുമെല്ലാം പകർത്തപ്പെടുവാൻ യാതൊരു ചെലവുമില്ലാത്തവയാണ്. ഇതിന്റെ ഫലമായി, സാധാരണയായി പേറ്റന്റ് അല്ലെങ്കിൽ പകർപ്പവകാശത്തിന്റെ കീഴിൽ ഒരു നിശ്ചിത കാലാവധി വരെ നിലനിർത്താറുള്ളതൊഴിച്ചാൽ അവയെ സ്വത്തവകാശത്തിന് കീഴിൽ പെടുത്താറില്ല.

സ്വകാര്യ സ്വത്തവകാശം സമ്പൂർണ്ണമല്ല. അനിയന്ത്രിത സ്വാധീനങ്ങൾക്കും നീണ്ടുനിൽപുകൾക്കുമെതിരെ ഉള്ള നിയമങ്ങൾ ഇതിന് ഒരു ഉദാഹരണമാണ്. ഒരാൾക്ക് തന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ വിദൂര ഭാവിയിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. നമ്മുടെ നിയമവ്യവസ്ഥ പ്രകാരം, അയാളുടെ മരണശേഷമോ അല്ലെങ്കിൽ അയാളുടെ നിലവിൽ ജീവിച്ചിരിക്കുന്ന ബന്ധുമിത്രാദികളുടെ മരണശേഷമോ ഉള്ള എണ്ണിത്തിട്ടപ്പെടുത്തിയ വർഷങ്ങളിലേക്ക് പ്രസ്തുത വസ്തു എങ്ങനെ ഉപയോഗിക്കണം

എന്ന് മാത്രമേ അയാൾക്ക് നിർദേശിക്കുവാൻ സാധിക്കു. എല്ലാ ഭാവി തലമുറകളുടെയും വിപണി മൂല്യങ്ങളുടെ സ്വാധീനത്തിൽ നിന്നും അയാളുടെ പക്കലുള്ള വിഭവങ്ങളുടെയോ വസ്തുവകകളുടെയോ ഉപയോഗം പരിരക്ഷിക്കാൻ സാങ്കേതികമായി കഴിയില്ല. വിഭവ ങ്ങളുടെ ഉപയോഗങ്ങളെ സംബന്ധിച്ചുള്ള ആപേക്ഷിക താൽപര്യ ത്തിന്റെ അളവുകോലായി നമ്മുടെ സമൂഹം വിപണി വിലയെ അംഗീകരിക്കുന്നു. അവകാശങ്ങൾ പരമാവധി ലഭ്യമാക്കിയാൽ മാത്രമേ വിപണി മൂല്യങ്ങൾ ഏറ്റവും വ്യക്തമായ രീതിയിൽ വെളിപ്പെടുകയുള്ളു.

സുരക്ഷിതമായ സ്വകാര്യ സ്വത്തവകാശം സ്വന്തമാക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ട് അനുഗമിക്കുകയും മത്സരിക്കുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ മറ്റുള്ളവരിൽ നിന്ന് നേടിയെടുത്തു കൊണ്ട് കൂടുതൽ സ്വത്ത് സമ്പാദിക്കാനുള്ള ആഗ്രഹമാണ്. ഇത് സൈനിക പിടിച്ചടക്കൽ നടത്തി, വിഭവങ്ങൾക്കുള്ള അവകാശങ്ങൾ നിർബന്ധിതമായി പുനർ നിശ്ചയിക്കുന്നത് വഴിയാണ് നടപ്പിലാ ക്കുന്നത് (ഇത് മോഷണം എന്നും അറിയപ്പെടുന്നു). എന്നാൽ അത്തരം നിർബന്ധിത നീക്കങ്ങൾ സ്വകാര്യ സ്വത്തവകാശങ്ങളുടെ സ്വഭാവസവിശേഷതകൾക്ക് വിരുദ്ധമാണ്. നിർബന്ധിത പുന: സ്ഥാപനം എന്നതിനർത്ഥം നിലവിലുള്ള അവകാശങ്ങൾ വേണ്ടത്ര സുരക്ഷിതമായിരിക്കില്ല എന്നാണ്. സ്വകാര്യ സ്വത്തവകാശങ്ങൾ മനുഷ്യാവകാശങ്ങളുമായി മത്സരിക്കാറില്ല. കാരണമവ മനുഷ്യാ വകാശങ്ങളാണ്. സ്വകാര്യ സ്വത്തവകാശങ്ങൾ എന്നാൽ മനുഷ്യർക്ക് നിശ്ചിതമായ വസ്തുക്കൾ ഉപയോഗിക്കാനും അവ കൈമാറ്റം ചെയ്യാനും ഉള്ള അവകാശങ്ങളാണ്.

സ്വകാര്യ സ്വത്തവകാശങ്ങൾക്കുമേലുള്ള നിയന്ത്രണങ്ങൾ അധികാര ശക്തിയെ വ്യക്തിപരമായ ഗുണഗണങ്ങളിലേക്കും രാഷ്ട്രീയ അധികാരികൾ അംഗീകരിക്കുന്ന സ്വഭാവസവിശേഷതകളി ലേക്കും മാറ്റിമറിക്കുന്നു. ശക്തമായ സ്വകാര്യ സ്വത്തവകാശങ്ങളുള്ള ഒരു വ്യവസ്ഥയ്ക്ക് മുൻഗണന നൽകാനുള്ള അടിസ്ഥാന കാരണം അവ വ്യക്തിഗത സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നു എന്നത് തന്നെ യാണ്.

# മെഴുകുതിരി നിർമ്മാതാക്കളുടെ ഹർജി*

മെഴുകുതിരികൾ, വിളക്കുമാടങ്ങൾ, ടേപ്പറുകൾ, റാന്തലുകൾ, തെരുവു വിളക്കുകൾ, മെഴുകുതിരി അണയ്ക്കുന്ന ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ തുടങ്ങിയവയുടെ നിർമ്മാതാക്കളിൽ നിന്നും ഒപ്പം കൊഴുപ്പ്, എണ്ണ, മരപ്പശ, മദ്യം എന്നിവ ഉല്പാദിപ്പിക്കുന്നവരിൽ നിന്നും കൂടാതെ പൊതുവിൽ പ്രകാശന വ്യവസായവുമായി ബന്ധപ്പെട്ട മറ്റുള്ളവരിൽ നിന്നും.

1.7.1

ചേംബർ ഓഫ് ഡെപ്യൂട്ടീസിന്റെ ആദരണീയരായ അംഗങ്ങൾക്ക്,

1.7.2

മാന്യരേ:

1.7.3

നിങ്ങൾ ശരിയായ പാതയിലാണ്. നിങ്ങൾ അമൂർത്ത സിദ്ധാന്തങ്ങൾ നിരസിക്കുകയും അതോടൊപ്പം സമൃദ്ധിയ്ക്കും കുറഞ്ഞ വിലയ്ക്കും പരിഗണന നൽകാതിരിക്കുകയും ചെയ്യുന്നു. നിർമ്മാതാവിന്റെ വിധിയെക്കുറിച്ച് മാത്രമാണ് പ്രധാനമായും നിങ്ങൾ നിങ്ങളെ തന്നെ ഉത്കണ്ഠപ്പെടുത്തുന്നത്. വിദേശ മത്സരത്തിൽ നിന്ന് നിർമ്മാതാവിനെ മോചിപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു, അതായതു ആഭ്യന്തര വ്യവസായത്തിന് വേണ്ടി ആഭ്യന്തര വിപണി കരുതിവെക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു.

1.7.4

ഞങ്ങൾ നിങ്ങൾക്ക് മനോഹരമായൊരു അവസരവുമായാണ് വന്നിരിക്കുന്നത്. നിങ്ങളുടെ സിദ്ധാന്തം, അതിനെ അങ്ങനെ വിളിക്കാമല്ലോ? സിദ്ധാന്തത്തെക്കാൾ തെറ്റിദ്ധരിപ്പിക്കുന്നതായി ഒന്നുമില്ല. നിങ്ങളുടെ ഉപദേശം? നിങ്ങളുടെ സംവിധാനം? നിങ്ങളുടെ തത്വങ്ങൾ? പക്ഷെ നിങ്ങൾ ഉപദേശങ്ങളെ വെറുക്കുന്നു, നിങ്ങൾക്ക് സംവിധാനങ്ങളോട് ഭയമാണ്. തത്വങ്ങളെ സംബന്ധിച്ചാണെങ്കിൽ രാഷ്ട്രീയപരമായ സമ്പദ്‌വ്യവസ്ഥയിൽ തന്നെ തത്വങ്ങളുണ്ടെന്ന് അംഗീകരിക്കാൻ നിങ്ങൾ തയ്യാറല്ലല്ലോ. അതിനാൽ ഞങ്ങൾ അതിനെ നിങ്ങളുടെ പ്രവൃത്തിയെന്ന് വിളിക്കാം - യാതൊരു സിദ്ധാന്തവും അടിസ്ഥാനതത്വങ്ങളുമില്ലാത്ത നിങ്ങളുടെ പ്രവർത്തി.

1.7.5

നമ്മളെക്കാൾ മികച്ച രീതിയിൽ പ്രകാശത്തിന്റെ ഉത്പാദനം നടത്തുന്ന ഒരു വിദേശ എതിരാളിയിൽ നിന്നുള്ള വിനാശകരമായ

---

* *സൗവിക്ക് ചക്രവർത്തി (2005), എ സിറ്റിസെൻസ് ഗൈഡ് ടു പൊളിറ്റിക്കൽ ഇക്കോണമി.*

മത്സരം നാം നേരിടുന്നുണ്ട്. അവർ നമ്മുടെ ആഭ്യന്തര വിപണിയിൽ കുറഞ്ഞ വിലയിൽ വസ്തുക്കൾ വിറ്റഴിക്കുന്നു. അവരുടെ വരവോടെ നമ്മുടെ കച്ചവടം നിലയ്ക്കുകയും ഉപഭോക്താക്കളൊക്കെയും അവരുടെ പക്കലേക്ക് തിരിയുകയും ചെയ്യുന്നു. അങ്ങനെ നിരവധി ശൃംഖലകളുള്ള ഫ്രഞ്ച് വിപണി പൊടുന്നനെ സ്തംഭിക്കുന്നു. ഈ എതിരാളി സൂര്യൻ തന്നെയാണ്. സൂര്യൻ നമ്മോട് ക്രൂരമായി കിടപിടിക്കുന്നത് കാണുമ്പോൾ നാം സംശയിക്കേണ്ടത് സൂര്യനെ നമുക്കെതിരെ തിരിച്ചുവിടുന്നത് ബ്രിട്ടൻ ആണെന്ന് തന്നെയാണ്. പ്രത്യേകിച്ചും ആ അഹങ്കാരിയായ ദ്വീപിന് ഫ്രാൻസിന് നല്കുന്നതിനേക്കാൾ ബഹുമാനവും മതിപ്പും അവൻ നൽകുന്നതായും കാണാം.

1.7.6

എല്ലാ ജാലകങ്ങളും, ഡോർമറുകളും, സ്കൈലൈറ്റുകളും, അകത്തും പുറത്തുമുള്ള ഷട്ടറുകളും, മൂടുശീലകളും, കെയ്സ്മെന്റുകളും, തിളങ്ങുന്ന വസ്തുക്കളും, മറകളും ചുരുക്കിപ്പറഞ്ഞാൽ സൂര്യപ്രകാശം വീടിനകത്തേക്ക് കടത്തിവിടുന്ന തുറസ്സുകളും ദ്വാരങ്ങളും ശൃംഖലകളും അടയ്ക്കാൻ ആവശ്യപ്പെടുന്ന ഒരു നിയമം പാസ്സാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു. ഇതുവഴി നമ്മളെ അസമമായ മത്സരത്തിലൂടെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവർക്കുള്ള മറുപടി നാം നൽകുകയാണ്. നമ്മുടെ പൊതുവെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്ക് സംഭവിക്കുന്ന കേടുപാടുകൾ നാം തിരുത്തിയതായും ഇതിലൂടെ നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും.

1.7.7

ബഹുമാന്യരായ ഡെപ്യൂട്ടീസ് ഞങ്ങളുടെ പ്രാർത്ഥന ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുറഞ്ഞപക്ഷം ഞങ്ങൾക്ക് ഈ ആവശ്യങ്ങളെ പിന്തുണച്ചുകൊണ്ട് പറയാനുള്ള കാര്യങ്ങളെങ്കിലും കേൾക്കാതെ ഈ ആവശ്യത്തെ തള്ളികളയരുതെന്ന് കൂടി അപേക്ഷിക്കുന്നു.

1.7.8

ഒന്നാമതായി, പ്രകൃതിദത്തമായ എല്ലാ പ്രകാശനസാധ്യതകളും നിങ്ങൾ ഇല്ലാതാക്കുകയാണെങ്കിൽ കൃത്രിമ പ്രകാശത്തിന്റെ ആവശ്യം വളരെ അധികമായി സൃഷ്ടിക്കപ്പെടും. അതുവഴി ഫ്രാൻസിൽ ഏതു വ്യവസായമാണ് പ്രോത്സാഹിപ്പിക്കപ്പെടാതെ പോവുന്നത്?

1.7.9

ഫ്രാൻസിലെ മെഴുകുതിരി വ്യവസായത്തിന് കൂടുതൽ മൃഗക്കൊഴുപ്പ് ഉപയോഗിക്കേണ്ടി വരുമ്പോൾ അതിന്റെ ഫലമായി കൂടുതൽ കന്നുകാലികളും ആടുകളുമുണ്ടാകും. അതിനാൽ, കാർഷിക രംഗത്തെ എല്ലാ മേഖലകളിലും പാടങ്ങളിലും, മാംസ വിപണിയിലും, കമ്പിളി, തുകൽ വ്യവസായങ്ങളിലും, പ്രത്യേകിച്ച് വളത്തിന്റെ വ്യവസായത്തിലുമെല്ലാം സമ്പത്ത് വരുന്നത് നമുക്ക് കാണാം.

1.7.10

ഫ്രാൻസ് കൂടുതൽ എണ്ണ ഉപയോഗിക്കുന്നത് വഴി പോപ്പി, ഒലിവ് എന്നിവയുടെ കൃഷിയിൽ വ്യാപക വളർച്ചയുണ്ടാവും. ഈ സമ്പന്ന വും എന്നാൽ മണ്ണിനെ ക്ഷീണിപ്പിക്കുന്നതുമായ ചെടികളെ  കന്നു കാലികൾ പ്രജനനം നടത്തിയ വളക്കൂറുള്ള മണ്ണിൽ ഉചിതമായ സമ യത്ത് നടുന്നത് നമുക്ക് ഏറെ വരുമാനമുണ്ടാക്കിത്തരും.

1.7.11

നമ്മുടെ പാഴ്നിലങ്ങൾ മരപ്പശ നൽകുന്ന മരങ്ങൾ കൊണ്ട് നിറയും. ധാരാളം തേനീച്ചക്കൂട്ടങ്ങൾ നമ്മുടെ മലനിരകളിൽ നിന്നും സുഗന്ധം പരത്തുന്ന പൂക്കളിൽ നിന്നും തേൻ ശേഖരിച്ചു കൊണ്ടു വരും. അങ്ങനെ, കാർഷിക മേഖലയിലെ എല്ലാ വിഭാഗത്തിനും വൻ വികസനത്തിന് സാധ്യത ലഭിക്കും.

1.7.12

ഇത് കപ്പൽ വ്യാപാര രംഗത്തെ സംബന്ധിച്ചും  ശരിയാകുന്നു. ആയിരക്കണക്കിന് കപ്പലുകൾ തിമിംഗലവേട്ടയിലും മറ്റും ഏർപ്പെടു ന്നതിനാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഫ്രാൻസിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്നതരത്തിലുള്ള ഒരു നാവികനിര നമുക്കുണ്ടാകും. ഒപ്പം താഴെ ഒപ്പുവച്ചിരിക്കുന്ന ഹർജിക്കാരുടെയും മെഴുകുതിരി നിർമ്മാതാക്കൾ തുടങ്ങിയവരുടെയും  ദേശാഭിമാനതാൽപര്യങ്ങളെ തൃപ്തിപ്പെടുത്തും.

1.7.13

എന്നാൽ പാരീസിലെ നിർമ്മാണത്തിന്റെ തനത് പ്രത്യേകത കളായി നമ്മൾ എന്ത് പരാമർശിക്കും? അതിനാൽ ഇനിമുതൽ മെഴു കുതിരി തണ്ടുകളിലും വിളക്കുകളിലും മറ്റു വിവിധ തരത്തിലുള്ള പ്രകാശ സ്രോതസ്സുകളിലും നമ്മൾ സ്വർണ്ണം പൂശുകയും വെങ്കലവും പളുങ്കും വച്ച് അലങ്കരിക്കുകയും ചെയ്യും. ഇതുവഴി നിലവിലുള്ള വയേക്കാൾ ഭംഗിയുള്ള മെഴുകുതിരി ഉത്പന്നങ്ങൾ വിപണിയിലെ ത്തിക്കാൻ സാധിക്കും.

1.7.14

മണൽ കൂമ്പാരങ്ങളുടെ  ഉയരത്തിൽ ആവശ്യങ്ങളുടെ ഭാരമേന്തി നിൽക്കുന്ന മരപ്പശ ശേഖരിക്കുന്നവനും അതുപോലെ കറുത്ത കുഴി കളുടെ ആഴത്തിൽ ആവശ്യങ്ങൾ ഉള്ളിലടക്കി കഷ്ടപ്പെടുന്ന പാവ പ്പെട്ട ഖനിത്തൊഴിലാളിക്കുമെല്ലാം ഉയർന്ന കൂലി ലഭിക്കുകയും അവർ ജീവിതത്തിൽ അഭിവൃദ്ധി ആസ്വദിക്കുകയും ചെയ്യും.

1.7.15

മാന്യരേ, സൂക്ഷ്മവിചാരണയിൽ നിങ്ങൾക്ക് മനസ്സിലാവും, അതി സമ്പന്നരായ അൻസിൻ കമ്പനിയുടെ ഓഹരിയുടമ മുതൽ ഏറ്റവും താഴെ തട്ടിലുള്ള തീപ്പെട്ടി കച്ചവടക്കാരൻ വരെ, ഞങ്ങളുടെ ഈ ഹർജി പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നത് വഴി ഒരു ഫ്രഞ്ചു

കാരൻ പോലും മെച്ചപ്പെട്ട അഭിവൃദ്ധിയിലേക്ക് കരകയറ്റപ്പെടാതിരിക്കില്ല. മാന്യവ്യക്തികളെ, ഞങ്ങൾ നിങ്ങളുടെ എതിർപ്പുകൾ മുൻകൂട്ടി പ്രതീക്ഷിക്കുന്നുണ്ട്; എന്നാൽ സ്വതന്ത്ര വ്യാപാരത്തിന്റെ വക്താക്കളായ പഴയ ഭീമൻ പുസ്തകങ്ങളിൽ നിന്ന് എടുത്തതല്ലാതെ മറ്റൊന്നും തന്നെ നിങ്ങൾക്ക് പറയാൻ ഉണ്ടാവില്ല. നിങ്ങളെയും നിങ്ങളുടെ നയങ്ങളെ പിന്താങ്ങുന്ന തത്വങ്ങളെയും നിമിഷംപ്രതി തിരിച്ചടിക്കാവുന്നതല്ലാത്ത വാദങ്ങൾ ഞങ്ങൾക്കെതിരായി ഉന്നയിക്കുവാൻ ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുന്നു.

1.7.16

ഈ സംരക്ഷണത്തിലൂടെ നമുക്ക് നേട്ടമുണ്ടാവുമെങ്കിലും ചെലവുകൾ വഹിക്കുന്നത് ഉപഭോക്താവായതിനാൽ ഫ്രാൻസിന് യാതൊരു നേട്ടവും ഉണ്ടാവില്ലായെന്നു നിങ്ങൾ പറയുമോ?

1.7.17

എങ്കിൽ ഞങ്ങളുടെ ഉത്തരങ്ങൾ തയ്യാറാണ്:

1.7.18

ഉപഭോക്താവിൻറെ താല്പര്യങ്ങൾ ആവാഹിക്കുവാൻ നിങ്ങൾക്ക് ഇനി അവകാശമില്ല. അവന്റെ താല്പര്യങ്ങൾ നിർമ്മാതാവിന്റേതിനോട് എതിർപ്പ് പ്രകടിപ്പിച്ചപ്പോഴെല്ലാം നിങ്ങൾ അവന്റെ താത്പര്യങ്ങളെ ബലി നൽകിയിട്ടുണ്ട്. വ്യവസായരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് നിങ്ങൾ അങ്ങനെ ചെയ്തത്. അതേ കാരണത്താലാണ് നിങ്ങൾ ഈ അവസരത്തിലും അങ്ങനെ ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്.

1.7.19

തീർച്ചയായും നിങ്ങൾ ഈ എതിർപ്പ് പ്രതീക്ഷിച്ചിട്ടുണ്ടാവാം. ഇരുമ്പ്, കൽക്കരി, ഗോതമ്പ്, എള്ള്, തുണിത്തരം തുടങ്ങിയ വിപണികളുടെ സ്വതന്ത്ര രേഖപ്പെടുത്തലിലും പ്രവേശനത്തിലും ഉപഭോക്താവിനും പങ്കുണ്ടെന്ന് പറയുമ്പോൾ 'അതെ' എന്ന് നിങ്ങൾ മറുപടി പറയുമ്പോഴും ഒപ്പം ഇങ്ങനെ പറയുന്നു 'എന്നാൽ നിർമ്മാതാവിന് അവ ഒഴിവാക്കാനുള്ള അവകാശമുണ്ട്.' വളരെ നല്ലത്! സ്വാഭാവിക പ്രകാശത്തിന്റെ പ്രവേശനത്തിൽ ഉപഭോക്താക്കൾക്ക് പങ്കുണ്ടെങ്കിൽ നിർമ്മാതാക്കൾക്ക് ഈ പ്രകാശത്തിന്റെ പ്രതിബന്ധത്തിൽ ഒരു പങ്കുണ്ടായിരിക്കും.

1.7.20

നിർമ്മാതാവും ഉപഭോക്താവും വാസ്തവത്തിൽ ഒരേ ആളാണെന്ന് നിങ്ങൾ പറഞ്ഞേക്കാം. നിർമ്മാതാവിന്റെ സംരക്ഷണത്താൽ ലാഭം ഉണ്ടാക്കുന്ന പക്ഷം അയാൾ കൃഷിക്കാരനെ അഭിവൃദ്ധിപ്പെ

ടുത്തുകയും ചെയ്യും. തുടർന്ന് കൃഷിക്ക് അഭിവൃദ്ധി ഉണ്ടായാൽ അത് ഉത്പന്നങ്ങൾക്ക് പുതിയ വിപണികൾ തുറന്ന് നൽകുന്നു. ഇത് വളരെ നല്ലതുതന്നെ. പകൽ സമയത്തുള്ള വെളിച്ചത്തിന്റെ ഉൽപാദനത്തിന്റെ കുത്തകാവകാശം നിങ്ങൾ ഞങ്ങൾക്ക് നൽകുകയാണെങ്കിൽ, ഞങ്ങളുടെ വ്യവസായത്തിന് വേണ്ടി വൻതോതിൽ കൊഴുപ്പും, കൽക്കരിയും, എണ്ണയും, മരപ്പശയും, മെഴുകും, മദ്യവും പിന്നെ വെള്ളി, ഇരുമ്പ്, വെങ്കലം, പളുങ്ക് തുടങ്ങിയവയും വാങ്ങും. ഞങ്ങളും ഞങ്ങളുടെ ധാരാളം വരുന്ന വിതരണക്കാരും ഇതുവഴി സമ്പന്നരായിത്തീരുന്നതോടെ ഞങ്ങൾ വൻതോതിൽ സാധന സാമഗ്രികൾ ഉപയോഗിക്കുകയും രാജ്യത്തിന്റെ ആഭ്യന്തര വ്യവസായത്തിന്റെ എല്ലാ മേഖലകളിലും സമൃദ്ധി വർധിപ്പിക്കുകയും ചെയ്യും.

1.7.21

ഈ ഉദ്യമം മുടക്കുവാൻ വേണ്ടി സൂര്യപ്രകാശം പ്രകൃതിയുടെ വരദാനമാണെന്നും അത്തരം ദാനങ്ങൾ നിഷേധിക്കുന്നത് സമ്പത്തിനെ തന്നെ നിഷേധിക്കുന്നതിന് സമാനമാണെന്നുള്ള മുടന്തുന്യായം നിങ്ങൾ പറയുമോ?

1.7.22

നിങ്ങൾ ഈ നിലപാട് സ്വീകരിക്കുകയാണെങ്കിൽ സ്വന്തം നയത്തിനുമേൽ തന്നെയാണ് നിങ്ങൾ മാരകമായ പ്രഹരമേല്പിക്കുന്നത്. ഇതുവരെ നിങ്ങൾ വിദേശ വസ്തുക്കൾ ഒഴിവാക്കിയതിന് കാരണം അവ സൗജന്യ സമ്മാനങ്ങൾക്ക് തുല്യമായിരുന്നതിനാലാണ്. ഞങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനുള്ള മതിയായ കാരണങ്ങളൊന്നും മറ്റ് കുത്തകകളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിൽ ഇല്ലായെന്ന് നിങ്ങളുടെ ഹിതപരിശോധനകളിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റും. നിങ്ങളുടെ സ്ഥാപിത നയത്തോട് പൂർണ്ണമായും യോജിക്കുന്നതാണ് ഞങ്ങളുടെ ആവശ്യം. മറ്റാരേക്കാളും സുശക്തമായതിന്റെ പേരിൽ ഞങ്ങളുടെ ആവശ്യങ്ങൾ തള്ളിക്കളയുകയാണെങ്കിൽ അത് കൃത്യമായി പറഞ്ഞാൽ നിങ്ങൾ ഈ സമവാക്യം സ്വീകരിക്കുന്നതിന് തുല്യമാണ്: '+ × = +'. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അത് അസംബന്ധത്തിന്റെ മുകളിൽ അസംബന്ധം കുന്നുകൂടുന്നതിന് സമാനമാണ്.

1.7.23

തൊഴിലും പ്രകൃതിയും തമ്മിൽ രാജ്യത്തെയും കാലാവസ്ഥയെയും ആശ്രയിച്ചുകൊണ്ടും മറ്റും വിവിധ അനുപാതങ്ങളിൽ ചരക്ക് ഉൽപ്പാദനത്തിനായി സഹകരിക്കുന്നു. ഇതിൽ പ്രകൃതി സംഭാവന ചെയ്യുന്ന ഭാഗം എപ്പോഴും സൗജന്യമാണ്. എന്നാൽ മനുഷ്യന്റെ അധ്വാനമാണ് ഉത്പാദനത്തിന് മൂല്യം നൽകുന്ന ഘടകം. ഇതിന് തന്നെയാണ് പ്രതിഫലം നല്കപ്പെടുന്നതും.

1.7.24

പാരീസിലെ ഓറഞ്ചിന്റെ പകുതി വിലയ്ക്ക് ലിസ്ബണിലെ ഓറഞ്ച് വില്ക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം സൂര്യന്റെ സ്വാഭാവിക ചൂട് തന്നെയാണ്. തീർച്ചയായും സ്വാഭാവികമായി ലഭിക്കുന്ന ചൂട് സൗജന്യമാണ്. പക്ഷെ പാരീസിൽ ഓറഞ്ചുകൾക്ക് കൃത്രിമ താപം നൽകുന്നതിന് സാമ്പത്തിക ചെലവുണ്ട്. ഈ ചെലവ് വിപണിയിൽ നിന്ന് മാത്രമേ തിരികെ ലഭിക്കുകയുള്ളു.

1.7.25

അതുകൊണ്ട് തന്നെ പോർച്ചുഗലിൽ നിന്ന് എത്തുന്ന ഓറഞ്ചുകൾ പാരീസിൽ നിന്നും ഉള്ളതിനേക്കാൾ പകുതിയോളം സൗജന്യമായി മറ്റൊരു രീതിയിൽ പറഞ്ഞാൽ പകുതി വിലയ്ക്ക് നമുക്ക് ലഭിക്കുമെന്ന് പറയാം.

1.7.26

ഇനി അർദ്ധസൗജന്യമായതിന്റെ (ഈ വാക്കിന്റെ ഉപയോഗത്തിൽ ഖേദിക്കുന്നു) അടിസ്ഥാനത്തിൽ മാത്രമേ നിങ്ങൾക്ക് ലിസ്ബണിൽ നിന്നുള്ളതിനെ നിരോധിക്കാൻ പറ്റുകയുള്ളു. നിങ്ങൾ ചോദിക്കുന്നു: 'ഫ്രഞ്ച് തൊഴിലാളികളെങ്ങനെ വിദേശ തൊഴിലാളികളോട് കിടപിടിക്കും? ഫ്രഞ്ച് തൊഴിലാളികളെല്ലാം മുഴുവൻ ജോലിയും കഷ്ടപ്പെട്ട് ചെയ്യുമ്പോൾ വിദേശ തൊഴിലാളികൾക്ക് വേണ്ടി പകുതി ജോലി സൂര്യൻ ചെയ്തു നൽകുന്നു.' പക്ഷേ, ഒരു ഉൽപ്പന്നം അർദ്ധസൗജന്യമായതിന്റെ പേരിൽ അതിനെ മത്സരത്തിൽ നിന്ന് ഒഴിവാക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നുവെങ്കിൽ, മറ്റൊരു ഉത്പന്നം തികച്ചും സൗജന്യമാവുമ്പോൾ അതിനെ മത്സരിക്കാൻ നിങ്ങൾ അനുവദിക്കുന്നതെങ്ങനെ? ഒന്നുകിൽ നിങ്ങളുടെ സംവിധാനം സുസ്ഥിരമല്ല. അല്ലായെങ്കിൽ ആഭ്യന്തര വ്യവസായത്തിന് ഹാനികരമായ അർദ്ധസൗജന്യമായ വ്യാപാരങ്ങളെ ഒഴിവാക്കിയതിന്റെ ഇരട്ടി ഉത്സാഹത്തോടെ ആഭ്യന്തര വിപണിയെ കൂടുതൽ ബാധിക്കുന്ന പൂർണ്ണ സൗജന്യമായ വ്യാപാരങ്ങളേയും ഒഴിവാക്കണമെന്ന് പറഞ്ഞുകൊള്ളുന്നു.

1.7.27

മറ്റൊരു ഉദാഹരണം എടുക്കുകയാണെങ്കിൽ: കൽക്കരി, ഇരുമ്പ്, ഗോതമ്പ്, തുണിത്തരം തുടങ്ങിയ ഉത്പന്നങ്ങൾ വിദേശത്തുനിന്നുമാണ് നമ്മളിലേക്കെത്തുന്നത്. അത് നാം സ്വയം ഉത്പാദിപ്പിക്കുന്നതിനേക്കാൾ കുറവ് അധ്വാനത്തിലൂടെയാണ് നമ്മളിലെത്തുന്നത്. വിലയിലുള്ള ഈ വ്യത്യാസം നമുക്ക് സൗജന്യമായി ലഭിക്കുന്നതാണ്. ഈ സൗജന്യത്തിന്റെ അളവ് വ്യത്യാസത്തിന് ആനുപാതികമാണ്. വിദേശത്ത് നിന്നുള്ളവർ നമ്മളോട് മുക്കാൽ ഭാഗമോ, അരയോ, കാൽ ഭാഗമോ അധിക വിലയായി ആവശ്യ

പ്പെടുന്നതിന് അനുസരിച്ച് നമ്മുടെ സൗജന്യമെന്നത് കാൽ ഭാഗമോ, അരയോ അല്ലെങ്കിൽ മുക്കാൽ ഭാഗമോ ആയി നിശ്ചയിക്കപ്പെടുന്നു.

1.7.28

നമ്മോട് തിരിച്ചൊന്നും ആവശ്യപ്പെടാതെ തികച്ചും സൗജന്യമായി പ്രകാശം നൽകുന്ന സൂര്യനെപ്പോലെയുമാവാം അത്. ഔപചാരികമായി ഞങ്ങൾ മുന്നോട്ടു വെക്കുന്ന ചോദ്യമിതാണ്: ഫ്രാൻസിന് വേണ്ടി നിങ്ങൾ ആഗ്രഹിക്കുന്നത് സൗജന്യപരമായ ഉപഭോഗത്തിന്റെ ലാഭങ്ങളാണോ അതോ ദുർഭരമെന്ന് ആരോപിക്കപ്പെടുന്ന ഉൽപാദനക്ഷമതയുടെ പ്രയോജനങ്ങളാണോ?

യുക്തിപൂർവ്വം നിങ്ങളൊരു തീരുമാനത്തിലെത്തുക; കാരണം വിദേശ വിപണികളിൽ നിന്നുള്ള കൽക്കരി, ഇരുമ്പ്, ഗോതമ്പ്, തുണിത്തരം എന്നിവയുടെ വില പൂജ്യത്തിലെത്തുന്നതിന് ആനുപാതികമായി നിങ്ങളവയെ നിരോധിക്കുകയാണെങ്കിൽ സൂര്യപ്രകാശത്തെ പറ്റി നിങ്ങളെന്താണ് പറയുക? കാരണം സൂര്യപ്രകാശം എല്ലാകാലത്തും സൗജന്യമാണ്!

# കണ്ടതും കാണാത്തതും*

സാമ്പത്തിക മേഖലയിൽ ഒരു പ്രവർത്തിയോ ശീലമോ, ഒരു സ്ഥാപനമോ, ഒരു നിയമമോ ഉണ്ടാക്കുന്നത് ഒന്നല്ല അനേകം പ്രഭാവങ്ങളാണ്. ഈ ഫലങ്ങളിൽ ആദ്യത്തേത് മാത്രം പെട്ടെന്ന് ഉണ്ടാവുന്നതാണ്. അത് ഒരേസമയം അതിന്റെ കാരണത്തിനൊപ്പം തന്നെ പ്രത്യക്ഷപ്പെടുകയും കാണപ്പെടുകയും ചെയ്യുന്നു. മറ്റ് പ്രഭാവങ്ങൾ അതിനുശേഷം മാത്രം വരുന്നവയാണ്. അവ കാണാൻ സാധിക്കില്ല; നമുക്ക് അവയെ മുൻകൂട്ടി കാണാൻ സാധിച്ചാൽ അത് വലിയ ഭാഗ്യമാണ്.

ഒരു മോശം സാമ്പത്തിക വിദഗ്ദ്ധനും ഒരു മികച്ച സാമ്പത്തിക വിദഗ്ദ്ധനും തമ്മിൽ ഒരേയൊരു വ്യത്യാസമേയുള്ളു: മോശം സാമ്പത്തിക വിദഗ്ദ്ധൻ പ്രത്യക്ഷമായ ഫലത്തിൽ സ്വയം പരിവർത്തിപ്പിക്കുന്നുവെങ്കിൽ; മികച്ച സാമ്പത്തിക വിദഗ്ദ്ധൻ കാണുന്നതും മുൻകൂട്ടി കാണാൻ പറ്റുന്നതുമായ പ്രഭാവങ്ങൾ കണക്കിലെടുക്കുന്നു. എങ്കിലും ഈ വ്യത്യാസം വളരെ വലുതാണ്; കാരണം, പെട്ടെന്നുള്ള പ്രത്യാഘാതം അനുകൂലമാണെങ്കിൽ, പലപ്പോഴും സംഭവിക്കുന്നത് അനന്തരഫലങ്ങൾ വിനാശകാരിയായി ഭവിക്കും എന്നുള്ളതാണ്. ഇത് തിരിച്ചും സംഭവിക്കാറുണ്ട്. ഇതിനർത്ഥം ഒരു മോശം സാമ്പത്തിക വിദഗ്ദ്ധൻ നിലവിലുള്ള ചെറിയൊരു നല്ലകാര്യത്തെ പിന്തുടരുന്നത് വഴി ഒരു വലിയ ദോഷം വിളിച്ചുവരുത്തുന്നു. എന്നാൽ ഒരു നല്ല സാമ്പത്തിക വിദഗ്ദ്ധൻ ഭാവിയിലെ വലിയ ഗുണത്തെയോ ലാഭത്തെയോ പിന്തുടരുന്നതിനായി സന്നിഹിതമായ ഒരു ചെറിയ നഷ്ടത്തെ സഹിക്കുന്നു.

ആരോഗ്യത്തെയും സദാചാരത്തെയും സംബന്ധിച്ചും ഈ കാര്യം ശരിയാണ്. പലപ്പോഴും, ഒരു പ്രത്യേക ശീലത്തിന്റെ ആദ്യഫലം വളരെ നല്ലതായിരിക്കെ, അതിന്റെ പിന്നീടുള്ള ഫലങ്ങൾ അത്യധികം ദോഷകരമാവാൻ സാധ്യതയുണ്ട്. വഞ്ചനയും ആലസ്യവും അസാധാരണത്വവും ഒക്കെ ഇതിന്റെ ഉദാഹരണങ്ങളാണ്. ആദ്യം കാണപ്പെടുന്ന ഫലങ്ങളിൽ ആകൃഷ്ടനായ ഒരു മനുഷ്യൻ പിന്നീടുള്ള ഫലങ്ങൾ മനസ്സിലാക്കുവാൻ പഠിക്കാത്ത പക്ഷം അയാൾ കൂടുതൽ പരിതാപകരവും ദോഷകരവുമായ ശീലങ്ങളിലേക്ക് വഴുതി വീഴുവാൻ സാധ്യതയുണ്ട്. ഇത് സ്വാഭാവികമായി സംഭവിക്കുന്നത് മാത്രമല്ല മന:പൂർവ്വം ചെയ്യുന്നത് കൂടിയാണ്.

---

* *ക്ളോഡ് ഫ്രഡറിക്ക് ബാസ്റ്റിയാറ്റ് - ഫ്രഞ്ച് സാമ്പത്തിക പത്രകാരനും സ്വതന്ത്ര വ്യാപാരത്തിന്റെ വക്താവുമായിരുന്നു.*

മനുഷ്യന്റെ അത്യധികം വേദനാജനകമായ പരിണാമത്തെ ഇത് വിശദീകരിക്കുന്നു. അജ്ഞത ചെറുപ്രായത്തിൽ തന്നെ അവനെ പിടികൂടുന്നു. അതിനാൽ, അവൻ തന്റെ ആദ്യകാല പരിണത ഫലങ്ങൾക്ക് അനുസരിച്ച് തന്റെ പ്രവൃത്തികളെ ക്രമീകരിക്കുന്നു- അവന്റെ ശൈശവാവസ്ഥയിൽ, അവന് കാണാൻ കഴിയുന്ന കാര്യങ്ങളെ മുൻനിർത്തി മാത്രമാണിത്. വളരെക്കാലത്തിനു ശേഷം മാത്രമാണ് അവൻ മറ്റുള്ള കാര്യങ്ങൾ കണക്കിലെടുക്കാൻ പഠിക്കുന്നത്. രണ്ടു വ്യത്യസ്ത ഗുരുനാഥന്മാരാണ് അവനെ ഈ ജീവിത പാഠങ്ങൾ പഠിപ്പിക്കുന്നത്: ഒന്ന് അനുഭവങ്ങളും മറ്റേത് ദീർഘ വീക്ഷണവും. അനുഭവങ്ങൾ അവനെ വിശദമായും എന്നാൽ അല്പം ക്രൂരമായും പഠിപ്പിക്കുന്നു. ഒരു പ്രവൃത്തിയുടെ എല്ലാ ഫലങ്ങളും അത് അനുഭവങ്ങളിലൂടെ നമുക്ക് മനസ്സിലാക്കിത്തരുന്നു. പൊള്ളലേൽക്കുമ്പോൾ തീയിൽ തൊട്ടാൽ പൊള്ളുമെന്നുള്ള പാഠം പഠിക്കാതെ തരമില്ല. എന്നാൽ അനുഭവങ്ങളിലൂടെ മുന്നേറുമ്പോൾ തന്നെ ഈ ക്രൂരനായ അധ്യാപകനെ കൂടുതൽ സൗമ്യനായ മറ്റൊരു അധ്യാപകനായ ദീർഘവീക്ഷണവുമായി പകരം വെക്കുവാൻ നമുക്ക് കഴിയും. അതുകൊണ്ടുതന്നെ, പ്രത്യക്ഷമായവയിൽ നിന്നും അപ്രത്യക്ഷമായ പ്രഭാവങ്ങൾക്കുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കി വിവിധ വിപണികളിലുള്ള അനന്തരഫലങ്ങളെ പറ്റി നമ്മൾ അന്വേഷിക്കുകയും മനസ്സിലാക്കുകയും വേണം.

# തകർന്ന ജാലകങ്ങൾ*

ആ ഉറച്ച പൗരനായ ജെയിംസ് ഗുഡ്ഫൊലോയ്ക്ക് അയാളുടെ കുരുത്തംകെട്ട മകൻ ഒരു ജനലിന്റെ ചില്ല് പാളി തകർത്തപ്പോൾ ഉണ്ടായ ക്രോധത്തിനു നിങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ടോ? ഈ സംഭവസ്ഥലത്ത് നിങ്ങൾ ഉണ്ടായിരുന്നെങ്കിൽ, ചുറ്റുമുണ്ടായ കാണികളെയും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകണം. അവർ മുപ്പതു പേരോളം ഉണ്ടായിട്ടുപോലും, എല്ലാവരും ഒരേ സ്വരത്തിൽ ജെയിംസിനെ ആശ്വസിപ്പിക്കാനായി ഒരുക്കത്തോടെ ഇങ്ങനെ പറയും: 'ഒന്ന് ചീഞ്ഞാലല്ലേ മറ്റൊന്നിന് വളമാകു. ഇത്തരം അപകടങ്ങൾ കാരണമാണ് വ്യവസായം മുന്നോട്ട് പോകുന്നത് തന്നെ. എല്ലാവർക്കും ഉപജീവനം കണ്ടെത്തണ്ടേ. ആരും ഒരിക്കലും ജനൽപാളികൾ തകർക്കാതിരുന്നാൽ ജനലിനും മറ്റും കണ്ണാടി പിടിപ്പിക്കുന്നവർ ജീവിക്കുവാൻ എന്തുചെയ്യും?'

ആശ്വാസവാക്കുകളുടെ ഈ സൂത്രവാക്യത്തിൽ ഒരു സിദ്ധാന്തം ഒളിഞ്ഞിരിപ്പുണ്ട്. ഇത് വളരെ ലളിതമായ ഒരു സാഹചര്യത്തിൽ തുറന്നുകാട്ടാവുന്ന ഒന്നാണ്. കാരണം, നിർഭാഗ്യവശാൽ നമ്മുടെ സാമ്പത്തിക സ്ഥാപനങ്ങളിൽ ഭൂരിഭാഗവും ഈയൊരു സിദ്ധാന്തത്തെ ആസ്പദമാക്കിയാണ് പ്രവർത്തിക്കുന്നത്.

ചില്ലിന് പറ്റിയ കേടുപാടുകൾ തീർക്കാൻ അറുന്നൂറ് രൂപ വില കൊടുക്കണമെന്ന് കരുതുക. ഈ അപകടത്തെ തുടർന്ന് നേരത്തെ പറഞ്ഞ വ്യവസായത്തിന് അറുന്നൂറ് രൂപ സമ്പാദിക്കാമെന്ന പ്രോത്സാഹനം ലഭിക്കും എന്നാണെങ്കിൽ അത് ഞാൻ അംഗീകരിക്കുന്നു. നിങ്ങളുടെ ന്യായവാദങ്ങൾ ശരിയാണ്. പൊട്ടിയ ചില്ല് നന്നാക്കുന്ന ആൾ വന്ന് അവന്റെ ജോലി ചെയ്യുകയും അറുന്നൂറ് രൂപ പ്രതിഫലമായി വാങ്ങിച്ചു സ്വയം അഭിനന്ദിക്കുകയും ഉള്ളിന്റെയുള്ളിൽ ഹൃദയത്തിലായ് അശ്രദ്ധനായ ആ കുരുത്തംകെട്ട കുട്ടിയെ മനസു കൊണ്ട് അനുഗ്രഹിക്കുകയും ചെയ്യും. ഇതാണ് നമ്മൾ കണ്ടുവരുന്നത്.

എന്നാൽ നിഗമനങ്ങൾ വഴി നിങ്ങൾ പറഞ്ഞു നിർത്തുന്നതെന്തെന്നാൽ ജാലകങ്ങൾ തകർക്കുന്നത് നല്ലതാണെന്നും, അത് പണത്തിന്റെ പ്രചരിപ്പിക്കലിനെ സഹായിക്കുന്നുവെന്നും, അത് പൊതുവേ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ഫലപ്രദമാവുന്നു എന്നുമാണെങ്കിൽ ഞാൻ നിങ്ങളോടായ് ഉറക്കെ പറയട്ടെ: നിങ്ങൾ പറയുന്നത് വാസ്തവവിരുദ്ധമാണ്! നിങ്ങളുടെ സിദ്ധാന്തം പ്രത്യക്ഷമായത് മാത്രമേ കാണുന്നുള്ളൂ. കണ്ടിട്ടില്ലാത്ത കാര്യങ്ങൾ അത് കണക്കിലെടുക്കുന്നേയില്ല.

---

* *സൗവിക്ക് ചക്രവർത്തി (2005), എ സിറ്റിസെൻസ് ഗൈഡ് ടു പൊളിറ്റിക്കൽ ഇക്കോണമി.*

ഈ പൗരൻ ഒരു വസ്തുവിന് മുകളിൽ അറുന്നൂറ് രൂപ ചെലവാക്കിയതിനാൽ അവന് മറ്റൊരു വസ്തുവിൽ, ഷൂസോ, പുസ്തകമോ മറ്റോ, അത് ചെലവാക്കുവാൻ കഴിയാതെവരും അല്ലെങ്കിൽ മടി കാണിക്കും. എന്നാൽ ജനൽപാളി പൊട്ടിയില്ലായിരുന്നെങ്കിൽ അയാൾക്ക് അത് നന്നാക്കാൻ ചെലവാക്കിയ പണം മറ്റെന്തെങ്കിലും വസ്തുവിന്റെ മുകളിൽ ചെലവാക്കാമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, തനിക്ക് പ്രയോജനപ്രദമാകുന്ന മറ്റേതെങ്കിലും ഉപയോഗത്തിന് വകയിരുത്താമായിരുന്ന അറുന്നൂറ് രൂപ അയാൾക്ക് ഇപ്പോൾ നഷ്ടമായിരിക്കുന്നു.

നമുക്ക് പൊതുവായി വ്യവസായത്തിന്റെ കാര്യമെടുക്കാം. ജനലിന്റെ ചില്ലുപാളികൾ തകർക്കപ്പെട്ടത് വഴി ഗ്ലാസ് വ്യവസായത്തിന് അറുന്നൂറ് രൂപ വിലയുള്ള പ്രോത്സാഹനമാണ് ലഭിക്കുന്നതെന്ന് നമ്മൾ കണ്ടു.

ജാലകം പൊട്ടിയില്ലായിരുന്നെങ്കിൽ പുസ്തക വ്യവസായത്തിനോ മറ്റോ (അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവസായം) ആ അറുന്നൂറ് രൂപ വിലയുള്ള പ്രോത്സാഹനം ലഭിച്ചേനെ. ഇത് നേരത്തെ നമ്മൾ കണ്ട കാര്യത്തിന്റെ അപ്രത്യക്ഷമായ വശമാണ്. ദീർഘവീക്ഷണം കൊണ്ട് മാത്രമേ ഇത് കാണാൻ സാധിക്കുകയുള്ളൂ.

നമുക്ക് കാണാൻ കഴിയാത്ത എന്നാൽ ദോഷം ചെയ്യുന്ന കാര്യങ്ങളെയും അതുപോലെ ഗുണം ചെയ്യുന്ന പ്രത്യക്ഷമായ കാര്യങ്ങളെയും പരിഗണിച്ച് നോക്കുകയാണെങ്കിൽ പൊതുവിൽ നമ്മുടെ വ്യവസായങ്ങൾക്കോ രാജ്യത്തിന്റെ മൊത്തം തൊഴിലുകൾക്കോ ചില്ലുകൾ തകർക്കപ്പെട്ടാലും ഇല്ലെങ്കിലും യാതൊരു നേട്ടവും ഉണ്ടാവുന്നില്ലെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ഇനി നമുക്ക് ജെയിംസ് ഗുഡ്ഫെലോയുടെ കാര്യം നോക്കാം. നേരത്തെ കണ്ട തകർന്ന ജാലകത്തിന്റെ ആദ്യ സിദ്ധാന്തത്തിൽ, അദ്ദേഹം അറുന്നൂറ് രൂപ ചെലവഴിച്ച ശേഷവും നേരത്തെ ഉണ്ടായ ഒരു ജനലിന് അപ്പുറത്ത് അദ്ദേഹത്തിന് മറ്റൊന്നും തന്നെ കൂടുതലോ കുറവോ ലഭിക്കുന്നില്ല.

രണ്ടാമത്തെ സിദ്ധാന്തത്തിൽ പറയുന്നതുപോലെ ആ അപകടം സംഭവിച്ചില്ലായിരുന്നുവെങ്കിൽ ജെയിംസ് ആ പണം പുതിയ ഷൂസുകൾക്കോ പുസ്തകങ്ങൾക്കോ മറ്റോ ചെലവഴിക്കുമായിരുന്നു. അങ്ങനെ വരുമ്പോൾ പണം ചെലവാക്കിയ ശേഷം അയാളുടെ പക്കൽ ജനലിന് പുറമെ അധികമായി ഒരു ജോഡി ചെരിപ്പോ അല്ലെങ്കിൽ ഒരു പുസ്തകമോ ഉണ്ടായേനെ.

അഥവാ ജെയിംസ് ഗുഡ്ഫെലോ സമൂഹത്തിന്റെ ഭാഗമാണെന്ന് നാം കരുതുമ്പോൾ സമൂഹത്തിന്, അതിന്റെ പ്രയത്നങ്ങളും സുഖസൗകര്യങ്ങളും പരിഗണിച്ച് ഒരു തകർന്ന ജനലിന്റെ മൂല്യം നഷ്ടമായിരിക്കുന്നു എന്ന നിഗമനത്തിൽ നാമെത്തുന്നു.

പൊതുവിൽ പറയുമ്പോൾ നാം അപ്രതീക്ഷിതമായ ഒരു നിഗമന ത്തിലെത്തുന്നു: 'അനാവശ്യമായി തകർക്കപ്പെടുന്ന വസ്തുക്കളുടെ മൂല്യം സമൂഹത്തിന് നഷ്ടമാവുന്നു.' ഈ സൂക്തവാക്യം സമൂഹ ത്തിലെ സംരക്ഷണവാദികളുടെ ജാഗ്രത വർദ്ധിപ്പിക്കുന്നതാണ്. ഓർക്കുക: 'തകർക്കുകയും, നശിപ്പിക്കുകയും, ഉന്മൂലനം ചെയ്യുക യും വഴി രാജ്യത്തിന്റെ തൊഴിലവസരങ്ങൾക്ക് യാതൊരുവിധ പ്രോ ത്സാഹനവും ലഭിക്കുന്നില്ല.' ചുരുക്കി പറഞ്ഞാൽ: 'നശീകരണം തീർ ത്തും ലാഭകരമല്ല.'

മോണിറ്റർ ഇൻഡസ്ട്രിയൽ ഇതിനോട് എങ്ങനെ പ്രതികരിക്കു മായിരിക്കും? അല്ലെങ്കിൽ പാരീസിനെ അഗ്നിക്കിരയാക്കിയാൽ വീടു കളും കെട്ടിടങ്ങളും പുനർനിർമ്മിക്കേണ്ടതിനാൽ ഏത് വ്യവസാ യത്തിനാണ് നേട്ടമുണ്ടാവുക എന്ന് വളരെയധികം കൃത്യതയോടു കൂടി കണക്കുകൂട്ടി പറഞ്ഞ ആദരണീയനായ എം. ഡെ. സെയിൻറ് – ചാമൻസിന്റെ ശിഷ്യന്മാർ ഇതിനെ എങ്ങനെ നോക്കി കാണുമായി രിക്കും?

രാജ്യത്തിന്റെ നിയമനിർമ്മാണത്തിന് വരെ ആത്മാവ് നൽകിയ അദ്ദേഹത്തിന്റെ അമൂല്യമായ കണക്കുകൂട്ടലുകളെ നിരാശപ്പെടുത്തു ന്നതിൽ ഖേദമുണ്ടെങ്കിലും ചെയ്ത പ്രവർത്തികൾ അദ്ദേഹം ഒന്നു കൂടി പുനരാരംഭിക്കുവാനും ഇത്തവണ പ്രത്യക്ഷമായ കാര്യങ്ങൾ ക്കൊപ്പം അദ്ദേഹത്തിന്റെ കണക്കുപുസ്തകത്തിൽ അപ്രത്യക്ഷമായ കാര്യങ്ങളെയും പ്രഭാവങ്ങളെയും കൂടി കണക്കിലെടുക്കുകയും രേഖ പ്പെടുത്തുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

വായനക്കാർ സൂക്ഷ്മതയോടെ നോക്കി മനസ്സിലാക്കേണ്ടതെ ന്തെന്നാൽ ഞാൻ അവതരിപ്പിച്ച ചെറിയ കഥയിൽ രണ്ടല്ല മറിച്ചു മൂന്നു കഥാപാത്രങ്ങളുണ്ട്. ഒരാൾ, ജനൽപാളി തകർക്കപ്പെട്ടതിനാൽ രണ്ടിന് പകരം ഒരു സുഖസൗകര്യത്തിലേക്ക് ചുരുക്കപ്പെട്ട ഉപഭോ ക്താവിനെ പ്രതിനിധാനം ചെയ്യുന്ന, ജെയിംസ് ഗുഡ്ഫെലോ. മറ്റൊന്ന്, ഗ്ലേസിയർ അഥവാ ചില്ലുപണിക്കാരനാണ്. അയാൾ നിർമ്മാ താവാണ്. അയാളുടെ വ്യവസായത്തിന് ഇത്തരം അപകടങ്ങൾ വഴി പ്രോത്സാഹനം ലഭിക്കുന്നു. മൂന്നാമത്തേത് ചെരുപ്പ് ഉണ്ടാക്കുന്ന യാളാണ്. (അല്ലെങ്കിൽ മറ്റേതെങ്കിലും നിർമ്മാതാവ്). അതേ അപകട ത്താൽ നിരുത്സാഹപ്പെടുന്നതാണ് ഇയാളുടെ വ്യവസായം. മൂന്നാമത്തെ കഥാപാത്രമാണ്, എപ്പോഴും നിഴലിൽ നിൽക്കുന്നതും അപ്രത്യക്ഷമായ അനിവാര്യ ഘടകങ്ങളെ പ്രതിനിധാനം ചെയ്യു ന്നതും. നാശത്തിൽ ലാഭം കാണുന്നത് അസംബന്ധമാണെന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നതും ഇയാളാണ്. വ്യാപാര നിയന്ത്ര ണങ്ങളിൽ നേട്ടം കാണുന്നതും മേല്പറഞ്ഞതു പോലെ തന്നെ അസംബന്ധമാണെന്നും അയാൾ നമുക്ക് മനസ്സിലാക്കിത്തരും. കാരണം ഇത്തരം നിയന്ത്രണങ്ങൾ ഭാഗിക നശീകരണത്തെക്കാൾ

ഒട്ടും കുറവല്ല. അതിനാൽ, നിയന്ത്രിത നടപടികൾക്കു വേണ്ടിയുള്ള എല്ലാ വാദമുഖങ്ങളുടെയും താഴെത്തട്ടിൽ നിങ്ങൾ എത്തിച്ചേരുമ്പോൾ കേൾക്കുന്ന സ്ഥിരം ചോദ്യമിതായിരിക്കും: 'ഒരു ജനൽ പോലും ആരും തകർത്തില്ലെങ്കിൽ ചില്ലു നിർമ്മിക്കുന്നവർ എങ്ങനെ ഉപജീവനം നയിക്കും?'

## തകർന്ന ജാലകങ്ങൾ: സാമൂഹ്യ ശത്രുവിന്റെ അപഗ്രഥനം

ഞാൻ എന്റെ കാറിനെ വല്ലാതെ സ്നേഹിക്കുന്നു. നമ്മുടെ നാട്ടിലെ കുണ്ടും കുഴികളും നിറഞ്ഞ വൃത്തികെട്ട റോഡുകൾ കാരണം അതിന് കേടുപാട് സംഭവിക്കുന്നത് എനിക്കിഷ്ടമല്ല. ഒരു സസ്പെൻഷന്റെ വിലയെ പറ്റി ഇന്നലെ ഞാൻ എന്റെ മനുഷ്യപ്പറ്റില്ലാത്ത ഒരു സുഹൃത്തിനോട് തർക്കിച്ചു. അവൻ പറഞ്ഞു: 'കുറഞ്ഞപക്ഷം മോശം റോഡുകൾ കാരണം നമ്മുടെ നാട്ടിലെ മെക്കാനിക്കുകൾക്ക് തൊഴിൽ ലഭിക്കുന്നു.' അങ്ങനെയൊരു പ്രസ്താവനയെക്കുറിച്ച് ഒരു സാമ്പത്തിക വിദഗ്ധന് എന്താണ് പറയാനുണ്ടാവുക? ഫ്രെഡറിക് ബാസ്റ്റിയാറ്റിന്റെ പ്രശസ്തമായ തകർന്ന ജാലകത്തിന്റെ ഉദാഹരണത്തിലേക്ക് തിരിച്ചെത്താം. ഒരു ഫുട്ബോൾ വന്നിടിച്ചു ഒരു കടയുടെ ജനൽ പൊട്ടിയെന്നു കരുതുക. നഗരവാസികൾ അവിടെ ഓടിക്കൂടുകയും, കാര്യങ്ങൾ പരിശോധിച്ച ശേഷം അവരുടെ ഒത്തുതീർപ്പ് മോശമാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു, കാരണം അവരുടെതന്നെ നഗരത്തിലെ ചില്ലുപണിക്കാരന് ഒരു ജോലി ലഭിച്ചിരിക്കുകയാണ്. ഈ കാഴ്ചപ്പാട് സമ്പൂർണ്ണ അസംബന്ധമാണെന്നാണ് ബാസ്റ്റിയാറ്റിന്റെ അഭിപ്രായം.

നഗരത്തിലെ സാമ്പത്തികരംഗത്തെ എല്ലാ വ്യക്തികളുടെയും വസ്തുക്കളുടെയും മുകളിൽ ഈ സംഭവം സൃഷ്ടിക്കുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾ മനസ്സിലാക്കാത്ത നഗരവാസികൾ വാസ്തവത്തിൽ മൂഢന്മാരാണ്. അവർ ചില്ലുപണിക്കാരന് ഉടനടി ഉണ്ടാവുന്ന ലാഭം മാത്രമേ കാണുന്നുള്ളൂ. കൂടുതൽ വിശാലമായ കാഴ്ചപ്പാട് അവർ സ്വീകരിച്ചിരുന്നെങ്കിൽ പുതിയ ജനൽപാളിക്കായി പണം മുടക്കുന്ന കട ഉടമയ്ക്ക് മറ്റൊന്നിനും ആ പണം ചെലവാക്കുവാൻ പറ്റില്ല എന്ന് നഗരത്തിലെ ജനങ്ങൾക്ക് മനസിലാക്കാൻ പറ്റിയേനെ. അങ്ങനെ ചില്ലു വ്യവസായി അല്ലാത്ത മറ്റേതെങ്കിലും വ്യവസായിക്ക് ഉണ്ടാവുന്ന നഷ്ടം കാണാതെ പോവുകയാണ്. അതിനാൽ, നഗരം യഥാർത്ഥത്തിൽ ലാഭം നേടുന്നതിന് പകരം നഷ്ടം സഹിച്ചിരിക്കുന്നു. അവിടത്തെ വസ്തു നശിപ്പിക്കപ്പെട്ടിരിക്കുന്നു.

അതുപോലെ, എന്റെ കാറിന്റെ തകർന്ന സസ്പെൻഷന്റെ കാര്യത്തിൽ ഇന്ത്യയിലെ റോഡുകൾ നല്ലതായിരുന്നെങ്കിൽ ഞാൻ വാങ്ങിക്കൂട്ടിയേക്കാമായിരുന്ന ധാരാളം സംഗീത ക്യാസറ്റുകളെ

കുറിച്ച് എന്റെ മനുഷ്യപ്പറ്റില്ലാത്ത സുഹൃത്ത് ബോധവാനല്ലായിരുന്നു. വർക്ക്ഷോപ്പിൽ എനിക്ക് വലിയ തുകകൾ ചെലവഴിക്കേണ്ടി വന്നില്ലായിരുന്നെങ്കിൽ സംഗീതത്തിലുള്ള എന്റെ അഭിരുചിയെ കൂടുതൽ വിപുലപ്പെടുത്താൻ എനിക്ക് കഴിയുമായിരുന്നു.

ഇന്ത്യയിൽ തകർന്ന ജനാലകളുടെ സമാനമായ നിരവധി ഉദാഹരണങ്ങളുണ്ട്. നമ്മളുടെ ജനറേറ്ററുകൾ, ഇൻവെർട്ടറുകൾ, യു.പി.എസ്, സി.വി.ടികൾ എന്നിവ എല്ലാം തകർന്ന ജനാലകൾ തന്നെയാണ്: ഇവ വ്യവസായങ്ങളല്ല. അതുപോലെ തന്നെ നമ്മുടെ ജലവിതരണവും ജലസംഭരണ ടാങ്കുകളും ഒന്നും വ്യവസായമല്ല. അവയും തകർക്കപ്പെട്ട ജാലകങ്ങൾ തന്നെ. വൈദ്യുതി സാമാന്യം നല്ല വോള്ട്ടളവും തരംഗദൈർഘ്യവും നൽകിയിരുന്നെങ്കിൽ, ഒപ്പം വൈദ്യുതിയുടെ വിതരണം വിശ്വസനീയമായിരുന്നെങ്കിൽ അത്തരം ഉപകരണങ്ങൾക്ക് പകരം നമ്മൾക്ക് വസ്ത്രം, പുസ്തകങ്ങൾ, സംഗീതം, ഭക്ഷണം, പാനീയം എന്നിങ്ങനെ മറ്റ് കാര്യങ്ങളിൽ ധാരാളം പണം ചെലവഴിക്കാൻ സാധിച്ചേനെ. മോശം നിലവാരമുള്ള വൈദ്യുതി കാരണം ഈ വ്യവസായങ്ങൾക്ക് പണം നഷ്ടപ്പെടുന്നു. ജലവിതരണം ശരിയായ രീതിയിൽ നടത്തുകയും ഇരുപത്തിനാലു മണിക്കൂറും ശരിയായ അളവിൽ ജലം ലഭിച്ചിരുന്നെങ്കിൽ എല്ലാ ഇടങ്ങളിലും പ്ലാസ്റ്റിക് വാട്ടർ ടാങ്കുകളും ആഭ്യന്തര ജലവിതരണ വ്യവസായവും ഉണ്ടാകുമായിരുന്നില്ല. അങ്ങനെ വരുമ്പോൾ തകർന്ന ജാലകങ്ങൾക്ക് പകരം നമ്മുടെ ജീവിതനിലവാരം ഉയർത്തുന്ന നിരവധി യഥാർത്ഥ വ്യവസായങ്ങൾക്ക് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞേനെ. മോശമായി പ്രവർത്തിക്കുന്ന പൊതു സൗകര്യങ്ങളും നമ്മുടെ ഭയാനകമായ റോഡുകളും രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല. അവ നമ്മുടെ വസ്തുവകകളെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്റെ കാറിന്റെ കാര്യത്തിൽ, ഞാൻ കേടുപാടുകൾ നിസ്സാരമായി എടുക്കുന്നില്ല. കാരണം ഞാൻ നേരത്തെ പറഞ്ഞ പോലെ: എനിക്ക് എന്റെ കാർ വളരെ ഇഷ്ടമാണ്! കഷ്ടപ്പെട്ട് സമ്പാദിച്ച പണം കൊണ്ട് ഞാൻ വാങ്ങിച്ച എന്റെ ഏറ്റവും പ്രിയപ്പെട്ട വസ്തുവിന് കേടുപാടുകൾ വരുത്തുന്ന ഈ രാജ്യത്തെ വ്യവസ്ഥാപിത ഭരണത്തിന് നികുതിപ്പണം നൽകാൻ എനിക്കൊരു താല്പര്യവുമില്ല.

തകർന്ന ജാലകത്തിന്റെ ഉദാഹരണം കൊണ്ട്, വളർന്നുവരുന്ന എല്ലാ സാമ്പത്തിക വിദഗ്ദ്ധരെയും ഒരു സുപ്രധാനപാഠം പഠിപ്പിക്കുവാൻ ബാസ്റ്റിയാറ്റ് ആഗ്രഹിച്ചു: ഒരു നയത്തിന് പിന്തുണ നൽകുമ്പോൾ അതുവഴി സാമ്പത്തിക രംഗത്തെ എല്ലാ വ്യക്തികൾക്കുമുണ്ടാവുന്ന പ്രത്യാഘാതങ്ങളെ നോക്കിക്കാണണമെന്നും ഏതാനും ചില അടിയന്തിര ആനുകൂല്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കരുതെന്നും അദ്ദേഹം പറഞ്ഞു. ഹെൻറി ഹസ്ലിറ്റിന്റെ അൻപതാം പ്രസിദ്ധീകരണ വാർഷികം ആഘോഷിക്കുന്ന പ്രസിദ്ധ

മായ 'ഇക്കണോമിക്സ് ഇൻ വൺ ലെസ്സൺ' എന്ന പുസ്തകം, ബാസ്റ്റിയാറ്റിന്റെ തകർന്ന ജാലകങ്ങളുടെ വ്യാഖ്യാനത്തോടെയാണ് തുടങ്ങുന്നത്. എന്നിരുന്നാലും ഈ സുപ്രധാനപാഠം അവഗണിക്കുന്ന പലരുമുണ്ട്.

ഇന്ത്യയിൽ തകർന്ന ജാലകത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായി കണക്കാക്കാവുന്നത് രാജ്യത്തെ സാമ്പത്തിക വിദഗ്ദ്ധർ നിഷ്കളങ്കരായ ജനങ്ങളെ പറ്റിക്കുന്നത് തന്നെയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികളായാണ് ഇത് അവതരിപ്പിക്കപ്പെടുന്നത്. കോടിക്കണക്കിനു രൂപയാണ് ഈ വിധത്തിൽ ചെലവഴിക്കപ്പെടുന്നത്. രാജ്യത്തിന്റെ സാമ്പത്തിക വിദഗ്ദ്ധരും മറ്റും ഈ വിധത്തിൽ പണം ചെലവഴിച്ചുകൊണ്ട്, രാജ്യത്ത് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്നു. നിഷ്കളങ്കരായ ജനങ്ങൾ ഒരു ജില്ലാ കളക്ടർ തന്റെ ഗ്രാമീണ മേഖലയിൽ വൻതോതിൽ പണം ചെലവഴിക്കുന്നതുവഴി നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങളെ തൊഴിലാളികളായി ഉപയോഗിക്കുകയും, അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതായി അവരെ ധരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇതുവഴി നമ്മൾ വലിയ തെറ്റാണ് ചെയ്യുന്നത്. സാമ്പത്തിക നയത്തിന് മറ്റ് വ്യക്തികൾക്കും വ്യവസായങ്ങൾക്കും മേലുള്ള സ്വാധീനം നാം ശ്രദ്ധിക്കുന്നില്ല.

സമൂഹത്തിലെ എല്ലാ സാമ്പത്തികനയങ്ങളെയും അവ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെയും കണക്കിലെടുത്താൽ, രാജ്യത്തെ സാമ്പത്തിക വിദഗ്ധരുടെ കൗശലത്തെ നമുക്ക് പെട്ടന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ഈ സാഹചര്യത്തിൽ എങ്ങനെയോ നമ്മൾ നികുതിപ്പണം അടക്കുന്ന ജനങ്ങളുടെ കാര്യം വിട്ടുപോകുന്നു. അവരുടെ പണമാണ് നേരത്തെ സൂചിപ്പിച്ച ജില്ലാ കളക്ടറും മറ്റും ചെലവഴിക്കുന്നത്. നികുതിപ്പണം നികുതിദായകർ സ്വന്തം ആവശ്യങ്ങൾക്ക് ചെലവാക്കിയാൽ ഇപ്പോഴുള്ള അതെ അളവിൽ തൊഴിലവസരങ്ങൾ ഉണ്ടാവില്ലേ? ജില്ലാ കളക്ടർമാർ ഉണ്ടാക്കുന്ന അമിത ചെലവുകൾ രാജ്യത്തിന്റെ ധനകമ്മിയായി ഭവിക്കുന്നു. ഇതിന്റെ ഫലമായി ഉണ്ടാവുന്ന നാണയപ്പെരുപ്പം പാവപ്പെട്ടവർക്ക് മേൽ നികുതിയായി ഭവിക്കുമെന്ന വസ്തുത നാം മനസ്സിലാക്കുന്നില്ല. ഈ പദ്ധതികൾ ആദ്യം കോൺഗ്രസ്സാണ് കൊണ്ടുവന്നത്. പക്ഷേ, ഇപ്പോൾ ബി.ജെ.പിയും ഈ സാമ്പത്തിക നാടകങ്ങൾ തുടരുന്നു. വാസ്തവത്തിൽ എൻ.ഡി.എ സർക്കാർ അടുത്തിടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ വേണ്ട പദ്ധതികൾ രൂപീകരിക്കുവാൻ നഗര തൊഴിൽ ഉൽപ്പാദന മന്ത്രാലയം വരെ സ്ഥാപിച്ചു. പക്ഷെ ഇത് രാജ്യത്തിനു മഹത്തരമായ സാമ്പത്തിക നേട്ടങ്ങളോ തൊഴിലവസരങ്ങളോ ഇതുവരെ നൽകിയിട്ടില്ല.

അപ്പോൾ ആരാണ് പൊതുജനങ്ങളുടെ യഥാർത്ഥ ശത്രു? അത് ഇന്ത്യൻ സർക്കാർ ആണെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ജീവിതവും സ്വത്തും സംരക്ഷിക്കുന്നതിനു പകരം സർക്കാരിന്റെ സേവകർ യഥാർത്ഥത്തിൽ നമ്മുടെ ഏറ്റവും വിലപ്പെട്ട സ്വത്തുക്കൾ നശിപ്പിക്കുകയാണ് ചെയ്യുന്നത്. അഴിമതി നിറഞ്ഞ പൊതുമരാമത്തു സംവിധാനങ്ങളും തെറ്റായി കൈകാര്യം ചെയ്യപ്പെടുന്ന ഉപകരണ ങ്ങളുമെല്ലാം നമുക്ക് വരുത്തിവെക്കുന്ന നാശനഷ്ടങ്ങൾ പരിഹരിക്കാ നായി സമ്പാദ്യത്തിന്റെ വലിയ ഭാഗങ്ങൾ ചെലവഴിക്കാൻ നമ്മൾ നിർബന്ധിതരാവുന്നു. അതു പോരാഞ്ഞിട്ട് ജനങ്ങൾ നൽകുന്ന നികു തിപ്പണം രാഷ്ട്രീയത്തിൽ അനാവശ്യമായി ചെലവഴിക്കുമ്പോഴും ഭരണനിർവ്വഹണത്തിന്റെ അടിസ്ഥാന ചുമതലകൾ പലപ്പോഴും അവഗണിക്കപ്പെടുകയാണ്.

സോഷ്യലിസത്തിൽ ജനാധിപത്യമില്ലെന്ന് നാം തിരിച്ചറിയണം. അതുവഴി ഉണ്ടാവുന്നത് സ്വവളർച്ചയ്ക്കായ് കള്ളവും കളവും ചെയ്യു ന്ന രാഷ്ട്രീയഘടന മാത്രമാണ്. യഥാർത്ഥ ജനാധിപത്യവാദികൾ നികുതിദായകരെ പ്രതിനിധാനം ചെയ്യുന്നതിനോടൊപ്പം ജനങ്ങളു ടെ നികുതിപ്പണം ശരിയായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരു ത്തുന്നു. സോഷ്യലിസ്റ്റുകൾ പക്ഷെ രാജ്യത്തിന്റെ ഖജനാവ് കൊള്ള യടിക്കുന്നവരാണ്. ഇത് പോരാതെവരുമ്പോൾ അവർ ആവശ്യമുള്ള പണം അച്ചടിക്കുകയും ചെയ്യുന്നു. പൊതുമുതൽ വ്യവസ്ഥാപിത മായി കൊള്ളയടിക്കപ്പെടുമ്പോഴും നികുതിദായകരായ പൊതുജന ത്തിന്റെ ജീവനും സ്വത്തുവകകൾക്കും യാതൊരു സംരക്ഷണവും നൽകപ്പെടുന്നുമില്ല. അവർ നിർമ്മിക്കുന്ന എല്ലാ പദ്ധതികളും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പൊതുജനത്തിന്റെ പണം തട്ടിയെ ടുക്കാനുള്ള മറ്റൊരു മാർഗ്ഗം മാത്രമായിത്തീരുന്നു. ഇത് എത്രയും പെട്ടെന്ന് തന്നെ അവസാനിപ്പിക്കേണ്ട ഒന്നാണ്.